# ജി.എഫ്.എച്ച്.എസ്.എസ് പടന്നക്കടപ്പുറം

## ലിറ്റിൽ കൈറ്റ്സ് ഐ.ടി.ക്ലബ്ബ്




ഡിജിറ്റൽ മാഗസിൻ

2019 ജനുവരി

## എഡിറ്റോറിയൽ ബോർഡ്

- ചീഫ് എഡിറ്റർ : സുധാകരൻ.വി
- സ്റ്റാഫ് എഡിറ്റർ : സജിത.കെ.എം,
  :മുഹമ്മദ് സുബൈർ.വി.പി
- സ്റ്റുഡന്റ് എഡിറ്റർ : കദീജ.പി

# എഡിറ്റോറിയൽ ബോർഡ്

- കുഞ്ഞിനാരായണൻ.എ
- മുഹമ്മദ് സുബൈർ.വി.പി
- പ്രമോദ് കുമാർ ആലപ്പടമ്പൻ
- രാജൻ.പി
- മണികണ്ഠൻ.ടി.എ
- രാഗിൽ രാജ്.പി
- അഭിജിത്ത്.പി.വി
- റോജിത്ത്.ടി.പി
- മുഹമ്മദ് സിറാജ്.പി
- അജീബ.എം.കെ

# ടീം ലിറ്റിൽ കൈറ്റ്സ്



- ദർശന.എം
- സ്നേഹ.വി.വി
- മുഹമ്മദ് അജ്നാസ്.എം.കെ
- ഷിഫാന.കെ.സി
- മുഹമ്മദ് സിനാൻ.എം.സി
- മുഹമ്മദ് മുഹ്സിൻ.പി
- ഖൈറുന്നീസ.കെ
- ആഷിറ.കെ
- അഭിഷേക്.കെ
- സ്വാതി സതീഷ്.കെ
- റോജിത്ത്.ടി.പി
- മുഫീദ.എം
- നഫീസത്ത്.എം.കെ

ഫാത്തിമ.പി
അജീബ.എം.കെ
പ്രേംസാഗർ.എൻ.കെ
മുഹമ്മദ് സിറാജ്
ആയിഷ.എം.കെ
റാസിന.ടി.സി
ആയിഷത്തുൽ ഹിബ.പി
മുഹമ്മദ് ആഷിർ.എം
അഫ്സൽ.വി.വി
മുബഷിറ.പി.പി
സാനിയാബി വളപ്പിൽ
കദീജ.പി
മറിയംബി.എം.സി

## എഡിറ്റോറിയൽ

പ്രകൃതിയോട് മല്ലടിച്ച് മുന്നേറുമ്പോഴും പ്രകൃതിയെ കൂടെ നിറുത്തുകയും പ്രകൃതിയുടെ കൂടെ പുലരുകയും ചെയ്ത് ചരിത്രത്തോട് ക്കുറുപുലർത്തികൊണ്ടാണ് മാനവസംസ്കാരവും ചരിത്രവും പുരോഗമിച്ചത്.മനുഷ്യൻെറ സർഗ്ഗാത്മകവ്യക്തിത്വത്തിൻെറ ചരിത്ര വഴികളുടെ നാഴികകല്ലുകളിൽ കൊത്തിവച്ച അടയാളങ്ങൾ അധ്വാനത്തിൻെറയും ആത്മാർപ്പണത്തിൻെറയും അചഞ്ചലമായ നിശ്ചയദാർഢ്യത്തിൻെറയും ഒരിക്കലും മായാത്ത തങ്കലിപികളാണ്....

ആസുരമായ കാലത്തിൻെറ വിഹ്വലതകളെല്ലാം നമ്മെയും വിഴുങ്ങാൻ വാ പിളർന്നു നില്ക്കുകയാണ്. ജീവിതമെന്ന മഹാസാഗരത്തിൻെറ നടുക്കാണ് നാം.മാനവികതയുടെ മറുമരുന്നു കൊണ്ടു മാത്രമെ ഈ കെട്ട കാലത്തിൻെറ വിഷക്കാഴ്ചകളെ മറികടക്കാനാകൂ....ജീവിതത്തിൻെറ കടലിനെ കവിതയ്ക്കു മഷിപ്പാത്രമാക്കിയ മഹാമനീഷികൾ നമ്മുടെ പൂർവ്വപുണ്യങ്ങളായി,വഴിവെളിച്ചങ്ങളായി നമുക്ക് മുമ്പിലുണ്ട്.പ്രളയത്തെയും പ്രണയമാക്കിമാറ്റിയ സുമനസ്സുകളുടെ ഐക്യബോധം നമ്മെ പ്രചോദിപ്പിക്കുന്നു.

പൊതുവിദ്യാലയങ്ങൾ ഇന്ന് പഴയ പള്ളിക്കൂടങ്ങളല്ല, അവ മികവിൻെറ കേന്ദ്രങ്ങളാണ്.പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞമെന്ന മഹാസംരംഭത്തിൻെറ മധുരഫലങ്ങൾ ആസ്വദിച്ചനുഭവിക്കുന്നവരാണ് വിദ്യാർത്ഥികൾ. ഇന്ത്യയിലെ ഏറ്റവും വലിയ ഐ ടി ക്ലബ് ആയ ലിറ്റിൽ കൈറ്റ്സ്, ഈ മഹായജ്ഞത്തിന് ചാലകശക്തിയായി മാറികൊണ്ടിരിക്കുകയാണ്.

ശാസ്ത്രത്തിൻെറ പുതിയ ആകാശങ്ങൾ കൈയെത്തിപ്പിടിക്കുമ്പോഴും സർഗ്ഗാത്മകതയുടെ വേരുകൾ നമ്മുടെ ഭൂമിയിൽ ഉറപ്പിച്ചു നിർത്തേണ്ടതുണ്ട്.ഹൈടെക് ക്ലാസുമുറികൾ സർഗ്ഗവസന്തത്തിൻെറ പൂങ്കാവനങ്ങളായി മാറേണ്ടതുണ്ട്.അതിലേക്ക് ഒരു കൈത്തിരി കത്തിക്കുകയെന്ന ദൗത്യമാണ് ലിറ്റിൽ കൈറ്റ്സ് നിർവ്വഹിക്കുന്നത്. അതിനുള്ള എളിയ ശ്രമമാണ് നാം നിർവ്വഹിക്കുന്നത്.

ആഴിപെറ്റ് പുഴപോറ്റിയനാടിൻെറ നന്മകൾ ആത്മാവിൽ നിറയുമ്പോൾ അതേറ്റുപാടാൻ നമ്മുടെ കുഞ്ഞുമനസ്സുകൾ നടത്തിയ വെമ്പലുകളാണ് ഈ സാഗരത്തിൽ തിരയടിക്കുന്നത്.

ചേറിക്കൊഴിച്ചിട്ടില്ല.. തിരുത്തിക്കുറിച്ചിട്ടില്ല...പിറന്നപടി നില്ക്കുകയാണ്, ....തികഞ്ഞ പ്രകൃതി ശുദ്ധിയോടെ....

സദയം സ്വീകരിച്ചാലും.....

## ഉള്ളടക്കം

### കവിതകൾ


- എന്റെ കേരളം : പാർവ്വതി.കെ.കെ
- തടിയൻ :അരുൺജിത്ത്.പി.വി
- നനവ് : സൂര്യനാരായണൻ
- എന്റെ നാട് :അഭിജിത്ത്.പി.വി
- പള്ളിക്കൂടം :ശ്രുതി.എം
- എങ്ങോ മാഞ്ഞുപോയി :രേവതി.കെ.വി
- രോദനം :ജംഷീറ.വി
- അമ്മ :നിത്യ
- ഭൂമി :അദ്വൈത് അശോക്


### കഥകൾ


- മരണത്തെ തോൽപിച്ച ബാലിക : റിഷാന.ടി.കെ
- അച്ഛൻ വരും ഒരുനാൾ : അനുജി.പി.വി
- ഇന്നലെകൾ : ശ്രുതി.എം
- വിജയത്തിലേക്ക് : മുഹ്സീന


### യാത്രാ വിവരണം


- പഠനയാത്ര : ആര്യ.വി
- ഓർമ്മകളിൽ : റഹീന.സി
- മൈസൂരിലേക്ക് : വിസ്മയ.പി.വി
- എന്റെ ഓർമ്മകളിൽ : ഫാത്തിമത്ത് സന
- കൂട്ടുകാരൊപ്പം : ശ്രദ്ധ.കെ


### ഓർമ്മക്കുറിപ്പ്


- വിദ്യാലയ ഓർമ്മകൾ : മണികണ്ഠൻ.ടി.എ
- മറക്കാത്ത ഓർമ്മകൾ : പൃത്ഥ്വിലാൽ.പി.വി


### വരകൾ വർണ്ണങ്ങൾ


- അദ്വൈത് അശോക് — പ്രാർത്ഥന രമേശ്
- ഫവാസ് അൽ റൈസി — മിഥുൻ രാജ്
- അൻസിഫ് — സൂര്യനാരായണൻ
- സന അബൂബക്കർ — അപർണ്ണ സുരേഷ്

കവിത



പാർവ്വതി.കെ.കെ 8എ

# എന്റെ കേരളം

*ദൂരെ ദൂരെ മാമരങ്ങൾ പച്ചയിൽ -*
*കുളിച്ച നിൽക്കുന്ന എന്റെ കേരളം*
*പൊന്നണിഞ്ഞ വയലുകളും*
*മഞ്ഞണിഞ്ഞ അരുവികളും*
*കടലമ്മ ഉമ്മവയ്ക്കും എന്റെ സ്വന്തം കേരളം*
*മാവേലിതമ്പുരാനും എഴുന്നള്ളും കേര നാട്*
*ദൈവത്തിൻ സ്വന്തം നാട് എന്റെ സ്വന്തം കേരനാട്*
*പല പല പക്ഷികളും കൂടുവച്ച നാടിത്*
*പല പല നദികളും  ഒഴുകും നാടിത്*
*ഒരുമതൻ പെരുമയെന്ന് ആഗ്രഹിക്കുന്നവർ നമ്മൾ*
*ഒരുമയാണ് നമ്മുടെ ആയുധം എവിടെയും നമ്മൾക്ക്*
*വിജയം തന്നെയാണ്*
*വേറിട്ടവരല്ല ഞങ്ങൾ*
*ഒരമ്മതൻ മക്കൾ നമ്മൾ*

*മലയാളമെന്നൊരമ്മ പെററമക്കൾ എന്നും നമ്മൾ.*


ആര്യ.വി 9 സി

# പഠനയാത്ര

ആറളത്തേക്ക് പോകേണ്ടത് കാരണം രാവിലെത്തന്നെ എഴുന്നേറ്റു . പിന്നെ പ്രഭാത കൃത്യങ്ങൾക്ക് ശേഷം ബാഗിൽ എല്ലാം എടുത്ത് വെച്ച് സ്കൂളിലേക്ക് പോയി . യാത്ര വളരെ ഇഷ്ടപ്പെടുന്ന കൂട്ടത്തിലാണ് ഞാനും . അതുകൊണ്ട് എനിക്കായിരുന്നു കൂടുതൽ ഉന്മേഷം . ബസ്സിന് തൃക്കരിപ്പൂരേക്ക് പോയി . അവിടെ നിന്ന് ട്രെയിനിൻ കണ്ണൂരേക്കും . കണ്ണൂരിറങ്ങി കുറച്ച് നടന്നു . എന്നിട്ട് ബസ്സിൽക്കയറി . ഞാനും ആദിത്യയും അനാമികയും ഒരു വലിയ സീറ്റിലാണ് ഇരുന്നത് . ഞങ്ങൾ ട്രെയിനിൽ കണ്ട കാഴ്ചകൾ പരസ്പരം പറഞ്ഞു . ബസ്സ് സ്റ്റാന്റിലെത്തി . വേറൊരു ബസ്സിൽ കയറി . ഞങ്ങൾ ഒരു ഏട്ടനെയും ഏച്ചിയെയും പരിചയപ്പെട്ടു . ബസ്സിലൂടെ നിരവധി റബ്ബർ തോട്ടങ്ങളും പ്രകൃതി സൗന്ദര്യങ്ങളുമൊക്കെ ആസ്വദിച്ച് ഞങ്ങൾ ആറളമെത്തി . ചീങ്കണ്ണിപ്പുഴ കണ്ടു . തൂക്കുപാലം വഴി ചീങ്കണ്ണിപ്പുഴ കടന്നു . ഒരുപാട് കുരങ്ങന്മാരെ കണ്ടു . ചീങ്കണ്ണിപ്പുഴയ്ക്കരികിൽ നിന്ന് ഞങ്ങൾ ഭക്ഷണം കഴിച്ചു . ശേഷം പുഴയിൽ കളിച്ചു വലിയ ആഴമൊന്നുമില്ല . എനിക്ക് വളരെയേറെ സന്തോഷം ഉണ്ടായിരുന്നു . ഞങ്ങൾ ബാഗെല്ലാം ഒരു മുറിയിൽ വെച്ചു . പുഴയിൽ കുളിക്കാൻ വിട്ടു . എല്ലാവരും പുഴയിലേക്ക് ഓടിത്തുള്ളി . എല്ലാവർക്കും വളരെ ആഹ്ലാദമുണ്ടായിരുന്നു . പിന്നെ ഒരു ക്ലാസുണ്ടായിരുന്നു . എന്തൊക്കെയോ അറിവുകൾ ലഭിച്ചു . നാല് ലീഡർമാരെ ആക്കി . ക്ലാസിന് ശേഷം ഞങ്ങളുടെ കലാപരിപാടികളുണ്ടായിരുന്നു . നല്ല തണുപ്പായിരുന്നു . ആദിത്യ ലീഡറായിരുന്നു . അവൾ എന്നെ വിളിച്ചു . ഞാൻ പോയി . 'എന്നോ ഞാനെന്റെ' എന്ന പാട്ട് പാടി . പരിപാടി കഴിഞ്ഞ് ഉറങ്ങാൻ കിടന്നു . കാട്ടിനകത്തായത് കൊണ്ട് എന്തൊക്കെയോ ശബ്ദങ്ങൾ കേൾക്കുന്നുണ്ടായിരുന്നു . രാവിലെത്തന്നെ എഴുന്നേറ്റു . തണുപ്പ് സഹിക്കാൻ പറ്റിയില്ല . ഞങ്ങൾ ഉൾക്കാട്ടിലേക്ക് പോയി . അവിടെ കയറ്റവും ഇറക്കവുമായിരുന്നു . കുറേ പേർ വീണു . കാട്ടു മൃഗങ്ങളെ കുറിച്ചും പക്ഷികളെ കുറിച്ചും ഒരുപാട് ക്ലാസ് എടുത്ത് തന്നു . മൃഗങ്ങൾ

മുന്നിൽ ചാടുമോ എന്ന ഭയമുണ്ടായിരുന്നു . മുറിയിലേക്ക് തിരിച്ചെത്തി . ചോറ് തിന്നു . അവിടത്തെ ഭക്ഷണത്തെക്കുറിച്ച് ഒന്നും പറയണ്ട . അത്രയ്ക്ക് സ്വാദായിരുന്നു . ഒരുപാട് മര്യാദകളും ചിട്ടകളും പഠിപ്പിച്ചു . ദിവസേന ഭക്ഷണം വലിച്ചെറിയുന്ന നമ്മൾ ഒരു വറ്റ് പോലും കളയാതെ കഴിച്ചു . പിന്നെ രാത്രിയായി . ചോറ് തിന്നു . ഒരു സാർ ക്ലാസ് എടുത്തു . ഞങ്ങളെ ഒരുപാട് ചിരിപ്പിച്ചു . എനിക്ക് ആ സാറിന്റെ ക്ലാസ് വളരെ ഇഷ്ടപ്പെട്ടു . പിന്നെയും കലാപരിപാടികൾ തുടങ്ങി . കുറേ പേർ പാട്ട് പാടി , ഡാൻസ് കളിച്ചു . നല്ല രാത്രി . അവിടത്തെ സ്റ്റാഫായ ശോഭ ഏച്ചിയെ എനിക്ക് വളരെ ഇഷ്ടപ്പെട്ടു . ഉറങ്ങാൻ കിടന്നു . പിറ്റേ ദിവസം രാവിലെ ഞങ്ങൾ പക്ഷി നിരീക്ഷണത്തിനിറങ്ങി . ഒരുപാട് തരം പക്ഷികളെ കണ്ടു . കോഴിവേഴാമ്പലിനെയും കാണാൻ സാധിച്ചു . വളരെ ദയനീയ അവസ്ഥയാണ് അവിടുത്തെ ആദിവാസിക്കുട്ടികൾക്ക് . മെലിഞ്ഞുണങ്ങിയവർ . നല്ല വീടുകളോ സൗകര്യങ്ങളോ വാഹന സൗകര്യങ്ങളോ ഒന്നും തന്നെയില്ല . ഒരുപാട് നടന്നാണ് കുട്ടികൾ സ്കൂളിൽ പോകുന്നത് . ചായ കുടിച്ചു . അത് നമ്മുടെ യാത്രയുടെ അവസാന ദിവസമായിരുന്നു . ക്വിസ് നടത്തി . ശീതളേച്ചിക്ക് 15/15 ഫുൾ മാർക്കായിരുന്നു . രസികേച്ചിക്ക് 12/15 മാർക്കും . ക്വിസ് നടത്തിയ സ്റ്റാഫ് പറഞ്ഞു ആദ്യമായിട്ടാണ് ഒരു കുട്ടി ഫുൾ മാർക്ക് വാങ്ങുന്നതെന്ന് . ഇത് നമുക്കും നമ്മുടെ സ്കൂളിനും അഭിമാനമുണ്ടാക്കുന്ന നേട്ടമായി . 32- മത്തെ അതിഥികളായിട്ടാണ് നമ്മൾ അവിടെ എത്തിയത് . ശീതളേച്ചിക്കും രസികേച്ചിക്കും ഒരു ബുക്ക് സമ്മാനമായി കൊടുത്തു . പിന്നെ എല്ലാവരും അവിടെ ഉണ്ടായ അനുഭവങ്ങൾ പങ്കു വെച്ചു . പുഴയിൽ കുളിക്കാൻ പോയി . അവസാന ദിവസമായത് കൊണ്ട് ഒരുപാട് സമയം കുളിച്ചു . ജയചന്ദ്രൻ മാഷിനും സുബൈർ മാഷിനും സജിത ടീച്ചറിനും ശോഭ ടീച്ചറിനും നല്ല തെളിച്ചമുണ്ടായിരുന്നു . ഉച്ചയ്ക്ക് ഊണ് കഴിച്ചു . എല്ലാവരോടും യാത്ര പറഞ്ഞ് ഞങ്ങൾ ഇറങ്ങി . ഇടയ്ക്ക് ശോഭ ഏച്ചി എന്നെ വിളിച്ചു . സംഗീത ക്ലാസിൽ ചേരാൻ പറഞ്ഞു . ബസ്സിൽ യാത്ര തുടങ്ങി . കണ്ണൂരേക്ക് പോയി ട്രെയിൻ കയറി . ഞങ്ങൾ പാട്ട് പാടിക്കളിച്ചു . മത്സരമായിരുന്നു . വീട്ടിലെത്തി . എല്ലാവരോടും എന്റെ അനുഭവം പറഞ്ഞു . മറക്കാൻ പറ്റാത്ത ഒരു അനുഭവമായിരുന്നു അത് . ഇനിയും എനിക്ക് ഒരു അവസരം കിട്ടുകയാണെങ്കിൽ തീർച്ചയായും ഞാൻ അവിടേക്ക് പോകും .



# അടിക്കുകിട്ടിയതിരിച്ചടി

ഒരിടത്ത് ഒരു പണക്കാരനുണ്ടായിരുന്നു. സ്വത്തുക്കൾ മോഹിച്ച് ഒരു സ്ത്രീ അയാളെ വിവാഹം കളിച്ചു. സുന്ദരമായി അവർ ജീവിക്കാൻ തുടങ്ങി. ആ സ്ത്രീക്ക് പണക്കാരിയായതിന്റെ അഹങ്കാരം കൂടുതലായിരുന്നു. ഒരു വെള്ളിയാഴ്ച അദ്ദേഹം മരിച്ചു. അത അറിഞ്ഞിട്ടും ഭാര്യക്ക് സങ്കടം ഉണ്ടായിരുന്നില്ല.കാരണം ആസ് ത്രീക്ക്സ്വത്തിന്റെ എല്ലാ അധികാരവും ലഭിക്കും. എന്നിട്ടും ആൾക്കാരുടെ മുന്നിൽ ആസ്ത്രി നെഞ്ചിൽ അടിച്ചു കരഞ്ഞു. കരയുമ്പോൾ പറഞ്ഞത് ഇങ്ങനെയായിരുന്നു.നിങ്ങൾ പോകുമ്പോൾ എന്നേയും കൂടെ കൊണ്ടുപോകാതിരുന്നതെന്തെ?.എന്റെ ദൈവമേ എന്നെ ഒന്ന് അങ്ങ് എടുത്തോണേ... ആസ്ത്രി പിന്നീട് സന്തോഷത്തോടെ ജീവിക്കാൻ തുടങ്ങി. ആസ്ത്രീ ഒരു ദിവസം പൂജാമുറിയിൽ പ്രാർത്ഥിക്കാൻ പോകുന്നതറിഞ്ഞ ഒരാൾ അന്ന് ആസ്ത്രീയുടെ ഭർത്താവ് മരിക്കുമ്പോൾ പറഞ്ഞതെല്ലാം ഒർത്തു. അപ്പോൾ ആ മനുഷ്യന് ഒരു കുസൃതി തോന്നി അയാൾ പൂജാമുറിയിൽ കയറി ഒളിച്ചുനിന്നു, ആ സത്രീവരുമ്പോൾ ഇങ്ങനെ പറഞ്ഞു. ഭക്തേ നിന്റെ പ്രാർത്ഥന ഞാൻ കേട്ടു. ഇന്നു തന്നെ ഞാൻ നിന്നെ വിളിച്ചോളാം. നീ നിന്റെ ലോകം വിട്ട് എന്റെ കൂടെവരണം. ഇത്കേട്ടആസ്ത്രീ ഞെട്ടിവിറച്ചു.സ്ത്രീ കൈകൂപ്പി പറഞ്ഞു.അയ്യോ ദൈവമേ എന്നെ വിളിക്കല്ലേ. ഒരു നാട്ടു നടപ്പുപോലെ പറഞ്ഞതല്ലേ. എന്നു പറഞ്ഞതോടെ ആ സ്ത്രീ ഓടിപ്പോയി.



സൂര്യനാരായണൻ 6 ബി

# നനവ്

ഒരു പൊൻ പുലരിയിൽ
പ്രപഞ്ചത്തിലെത്തി നനവ്
പിറന്ന നനവിൽ കുതിർന്ന പ്രപഞ്ചം
വീടിനുമുന്നിൽ വെള്ളം
കൊണ്ടൊരു പുഴയായി
ജനങ്ങളെല്ലാം വീടിനു മുകളിൽ
കയറിനിന്ന് നിലവിളികൾ തുടങ്ങി
വീടിന് മുന്നിലെ മതിലുകൾ കൊണ്ടതു
തടുക്കാൻ കഴിഞ്ഞില്ല
വീടുകൾ തകർന്നു വാഹനം തകർന്നു
ധനികനു പാവവും ഒന്നായി
അതാവരുന്നൊരു ഏറോപ്ലെയിനിൽ
രക്ഷാ പ്രവർത്തകർ പോകുന്നു
നിലവിളിക്കുന്നവരുടെ വായിൽ
ഭക്ഷണം നൽകാൻ വരവായി
വാർത്തയിൽ നിറയെ ഇവരെ
കൊണ്ടു നിറഞ്ഞിരിക്കുന്നു
പത്രം നിറയെ ചിത്രവും
ധനികനും പാവങ്ങളും
ജാതി മത മില്ലാതെ ഒന്നായി ഒത്തുകൂടി
എല്ലാവർക്കും ഒരേയൊരു വീട്
ദുരിദാശ്വാസ ക്യാമ്പാണേ .



# മരണത്തെ തോൽപ്പിച്ച ബാലിക

റിഷാന.ടി.കെ 8ബി

എന്തിന് വേണ്ടി ജീവിക്കണം ? ആർക്ക് വേണ്ടി ജീവിക്കണം ? എല്ലാവർക്കും ഇപ്പോൾ ഞാനൊരു ഭാരമാണ് . എന്തിന് ? സ്വന്തം അച്ഛനമ്മപോലും ഇപ്പോഴെന്നെ കണ്ട ഭാവമില്ല . എന്റെ ഹൃദയം പോലെ കൊണ്ടുനടന്ന എന്റെ പ്രിയ സുഹൃത്തിന് പോലും ഇപ്പോഴെന്നെ വേണ്ട .

സ്കൂളിലെത്തിയാലും വീട്ടിലെത്തിയാലും ഞാൻ ഒറ്റ തന്നെയാണ് . സ്കൂളിൽ ആരുമെന്നെ അടുപ്പിക്കാറുപോലുമില്ല . ഞാൻ ഏത് ബെഞ്ചിലിരിക്കുന്നോ അപ്പോഴെല്ലാം ആ ബെഞ്ചിലെ കുട്ടികൾ എഴുന്നേറ്റ് പോകും . വീട്ടിലും അങ്ങനെതന്നെ. ഞാൻ തന്നെ ഭക്ഷണം പാകം ചെയ്ത് ഞാൻ തന്നെ കഴിക്കണം . ഞാനുണ്ടാക്കിയ ഭക്ഷണം മറ്റാരും കഴിക്കുകയുമില്ല . അതുപോലെ തന്നെ അവരുണ്ടാക്കിയ ഭക്ഷണം എനിക്ക് തരുകയുമില്ല . എനിക്കായി ഒരു ഷെഡ്ഡ് . എന്റെ എല്ലാ സാധനങ്ങളും ഇപ്പോൾ അവിടെയാണുള്ളത് . ഒരു ജോലിക്കാരി എന്ന പോലെ മാസത്തിൽ എനിക്ക് ശമ്പളം തരും . ഒരാഴ്ചയിൽ കൂടുതൽ ആ പണം ഉപയോഗിക്കാൻ കഴിയില്ല . ആറ് മാസമായി ഇത് പോലെ തുടരുന്നു . സ്കൂളിൽ അവസാന പരീക്ഷയാണ് , അതും കൂടിയായപ്പോൾ ഞാനാകെ തളർന്നു . എന്നാലും എന്റെ ഉള്ളിലെ വിഷമങ്ങൾ ഞാൻ കടിച്ചമർത്തിക്കൊണ്ട് പരീക്ഷ എഴുതി . പരീക്ഷ കഴിഞ്ഞു . സ്കൂളടച്ചു . പുതു വർഷത്തിലേക്ക് കാലെടുത്ത് വെക്കേണ്ടുന്ന സമയമായി .

റിസൽറ്റ് വന്നു . നല്ല മാർക്കോടുകൂടി തന്നെ ഞാൻ ഒമ്പതാം ക്ലാസ് പാസായി . ഒരു കാര്യത്തിൽ മാത്രം എന്റെ സങ്കടം ഇന്നും മാറിയിട്ടില്ല . പത്താം ക്ലാസിലെത്തിയിട്ടും എന്നെ ആരും ഇതുവരെ മനസ്സിലാക്കിയിട്ടില്ല എന്നതിലായിരുന്നു .

കുറച്ച് ദിവസങ്ങൾക്ക് ശേഷം പുതിയ ടീച്ചർ വന്നു. എല്ലാ ക്ലാസിലും ആടീച്ചർ കയറിയിറങ്ങി , അവസാനം എന്റെ ക്ലാസിലും . ടീച്ചർ വന്നു കയറിയ ഉടനെ

എല്ലാവരോടും ഉഡ്ഡോണിങ്ങ് പറഞ്ഞു . ടീച്ചറെ ഞങ്ങൾക്ക് പരിചയപ്പെടുത്തി തന്നു . ശേഷം ക്ലാസിലെ എല്ലാവരെയും ടീച്ചർക്ക് പരിചയപ്പെടുത്തി കൊടുത്തു . ഒടുവിൽ എന്റെ അടുത്തെത്തി . അപ്പോൾ തന്നെ എല്ലാവരും പൊട്ടിച്ചിരിച്ചു. എനിക്ക് വളരെയോറെ സങ്കടമായി . ഞാൻ കരയാൻ തുടങ്ങി . ടീച്ചർക്ക് കാര്യങ്ങൾ ഒന്നും അറിയില്ലായെങ്കിലും ടീച്ചർക്ക് എന്റെ മേൽ ഒരു കണ്ണുണ്ടായിരുന്നു . കാരണം , ക്ലാസിൽ ഞാൻ മാത്രം ഒരു ബെഞ്ചിലിരിക്കുന്നു . ഓരോരുത്തരോടും ടീച്ചർ എന്റെ അടുത്ത് ഇരിക്കാൻ പറഞ്ഞു . പക്ഷെ , ആരും അനങ്ങിയത് പോലുമില്ല . അതിന്റെ കാരണം ടീച്ചർ എന്നോട് ചോദിച്ചതുമില്ല . എന്നെ തലോടിയതിന് ശേഷം ടീച്ചർ ക്ലാസിൽ നിന്നും പോയി .

പിറ്റേ ദിവസം ക്ലാസ് ചാർജ് ആടീച്ചർ തന്നെ ഏറ്റെടുത്തു . എന്തിനാണ് ടീച്ചർ എന്റെ ക്ലാസ് തന്നെ എടുത്തത് എന്നെനിക്ക്മനസ്സിലായി . എന്നാലും ഞാൻ ഒന്നും അറിയാത്തത് പോലെ ഇരുന്നു . അങ്ങനെ പെട്ടെന്ന് ഒരു ദിവസം ടീച്ചർ എന്നെ നേരിട്ട് വിളിച്ചു . പക്ഷെ ഞാൻ പോയില്ല . ടീച്ചർക്ക് കാര്യം മനസ്സിലായി . എന്നിട്ട് ടീച്ചർ എന്നോട് പറഞ്ഞു : പിന്നെ വന്നാലും മതി . അത് പറഞ്ഞതിന് ശേഷം ചിരിച്ച് കൊണ്ട് ടീച്ചർ ക്ലാസിൽ നിന്നും പുറത്ത് പോയി . കുറച്ച് കഴിഞ്ഞപ്പോൾ ആ കാര്യങ്ങളൊക്കെ ഞാൻ മറന്നു . ടീച്ചർ ഇനി എന്നെ വിളിക്കില്ല എന്ന് ഞാൻ കരുതി . പക്ഷ ഓരോ ദിവസം കഴിയുന്തോറും എന്റെ പേടി കൂടിക്കൂടി വന്നു . അങ്ങനെയിരിക്കെ ടീച്ചർ എന്നെ വീണ്ടും വിളിച്ചു . എന്ത് ചെയ്യാനാ , മനസ്സില്ലാ മനസ്സോടെ ഞാൻ അങ്ങോട്ടേക്ക് പോയി . ടീച്ചർ ഒരു പാവമായിരുന്നു . എന്നാലും ചെറിയൊരു ഭയം എന്റെ ഉള്ളിലുമുണ്ടായിരുന്നു .

ടീച്ചറും ഞാനും മാത്രമുള്ള ഒരു മുറി . ടീച്ചർ ആദ്യം എന്റെ സുഖവിവരങ്ങളൊക്കെ അന്വേഷിച്ചു . ഞാൻ വീട്ടിൽ എങ്ങനെയാണ് താമസിക്കുന്നത് , അച്ഛനമ്മമാർ നന്നായി പരിപാലിക്കാറുണ്ടോ അങ്ങനെ പലതും . എല്ലാ കാര്യങ്ങൾക്കും ടീച്ചറോട് ഞാൻ സത്യം തന്നെ പറഞ്ഞു . പെട്ടന്ന് ഞാൻ പ്രതീക്ഷിക്കാത്ത ഒരു ചോദ്യം മുഴങ്ങി ! അവന്റെ പേരെന്താ ? അത്കേട്ടതും കുറച്ച് സമയത്തേക്ക് ഞാനൊന്നും മിണ്ടിയില്ല . ടീച്ചർ വീണ്ടും എന്നോട് ചോദിച്ചു : ഒരമ്മ എന്ന സ്ഥാനത്ത് നീ എന്നെ കണ്ടാൽ മതി , ഇനി പറ അവന്റെ പേരെന്താ ? എനിക്ക് സങ്കടമടക്കാൻ കഴിഞ്ഞില്ല . ടീച്ചർ എന്നെ കൂടുതൽ നിർബന്ധിച്ചപ്പോൾ ഞാനവന്റെ പേര് പറഞ്ഞു . ആരുമറിയാത്ത എനിക്ക് മാത്രമറിയുന്ന ഒരുപാട് രഹസ്യങ്ങളുണ്ട് . അത് മുഴുവനും അന്ന് എനിക്ക് ടീച്ചറോട് പറയേണ്ടി വന്നു .

ടീച്ചർക്ക് കാര്യം മനസ്സിലായി . ടീച്ചറെന്നെ സമാധാനിപ്പിച്ച :കരയേണ്ട മോളെ , ദൈവം ഞങ്ങളുടെ മുന്നിൽ എന്തെങ്കിലും ഒരു വഴി കാണിച്ചു തരാതിരിക്കില്ല . ഒരു ചെറിയ വഴിയെങ്കിലും ദൈവം നമുക്ക് കാണിച്ചു തരും എന്നാലേ അവൻ എവിടെയാണെന്ന് കണ്ടെത്താൻ ഞങ്ങൾക്ക് കഴിയൂ . ഞാൻ പൊട്ടിക്കരഞ്ഞു കൊണ്ട് ടീച്ചറോട് പറഞ്ഞു : ടീച്ചറെ , സത്യമായിട്ടും ഞാൻ തെറ്റു കാരിയല്ല . ഒരിക്കലും ഇങ്ങനെ സംഭവിക്കുമെന്ന് ഞാൻ വിചാരിച്ചതുമില്ല . ഒരു പ്രണയത്തിൽ ഇത്ര വലിയ ചതിയുണ്ട് എന്ന് എനിക്കിപ്പോൾ മനസ്സിലായി . ടീച്ചർ എന്നെ സമാധാനിപ്പിച്ച് കൊണ്ട് പറഞ്ഞു : ഇനി നീ ആരെയും ഭയപ്പെടേണ്ട , എന്തിനും ഏതിനും ഈ ടീച്ചർ നിന്റെ കൂടെയുണ്ടാകും , എന്നും എപ്പോഴും . പിന്നെ നിന്റെ വീട്ടിലെ അവസ്ഥ... അത് ഞാൻ നിന്റെ അച്ഛനെയും അമ്മയെയും ബോധ്യപ്പെടുത്തിക്കൊള്ളാം . അപ്പോൾ ഞാൻ ടീച്ചറോട് പറഞ്ഞു : എന്റെ ഉറ്റ ചങ്ങാതിയേയും എനിക്ക് തിരിച്ച് കിട്ടണം . ഉം , അതും ഞാൻ ചെയ്തോളാം , ടീച്ചറെനിക്ക് മറുപടി തന്നു .

വീട്ടിലെത്തിയ ശേഷം പല കാര്യങ്ങളും എന്നെ കൂടുതൽ അലട്ടാൻ തുടങ്ങി .ടീച്ചർ എന്നെക്കുറിച്ച് എന്തായിരിക്കും വിചാരിച്ചിട്ടുണ്ടാവുക ? എന്തായിരിക്കും എന്റെ അച്ഛനോടും അമ്മയോടും പറയുക ? അങ്ങനെ പല കാര്യങ്ങളും . ഒടുവിൽ സഹിക്കാൻ വയ്യാതായപ്പോൾ ഞാനൊരു തീരുമാനമെടുത്തു . പിറ്റേ ദിവസം സ്കൂളിന്റെ ഏറ്റവും മുകളിലുള്ള നിലയിലേക്ക് പോയി . അവിടെ ആരും ഉണ്ടാകാറില്ല . ഞാൻ വരുന്നത് ടീച്ചർ കണ്ടിരുന്നു . ഞാൻ ഒരു അറ്റത്ത് പോയി നിന്നു . ഞാൻ വീഴാൻ പോകുന്ന നിമിഷം തന്നെ പിന്നിൽ നിന്നും ആരോ എന്റെ കയ്യിൽ പിടിച്ചു . ഞാൻ പിന്നിലേക്ക് തിരിഞ്ഞു നോക്കി , അത് ടീച്ചറായിരുന്നു . ഞാൻ പൊട്ടിക്കരഞ്ഞുകൊണ്ട് ടീച്ചറെ കെട്ടിപ്പിടിച്ചു , എന്നിട്ട് പറഞ്ഞു : എനിക്കിനി ജീവിക്കേണ്ട ടീച്ചറേ , എന്റെ എല്ലാ രഹസ്യങ്ങളും പുറത്ത് വന്നു , അത് ഇനി എല്ലായിടത്തുമെത്തും . അതിനുമുമ്പ് എനിക്കിവിടുന്ന് പോയേ പറ്റൂ . അതും പറഞ്ഞ് കൊണ്ട് ഞാൻ കൂടുതൽ കരയാൻ തുടങ്ങി . അപ്പോൾ ടീച്ചർ എന്നോട് പറഞ്ഞു : ഈ അവസ്ഥയിൽ എല്ലാവരുടെയും മുന്നിൽ നീ തോറ്റു കൊടുക്കുകയല്ല വേണ്ടത് , മറിച്ച് തലയുയർത്തി അഭിമാനത്തോടെ നടക്കുകയാണ് വേണ്ടത് . എല്ലാവരും നിന്നെ നോക്കി ചിരിച്ചോട്ടെ , അപ്പോഴും ആ അഭിമാനത്തെ നീ കൈ വിടരുത് . നിന്നോട് ഞാനൊരു കാര്യം പറഞ്ഞിരുന്നു , നീ അത് മറന്നോ എന്ന് എനിക്ക് അറിഞ്ഞുകൂടാ . എന്നാലും ഞാൻ പറയുകയാണ് നിന്റെ കൂടെ എന്തിനും ഏതിനും ഞാനുണ്ടാവുമെന്നും

എപ്പോഴും ഈ വാക്ക് മനസ്സിൽ വെച്ച് കൊണ്ട് നീ മുന്നോട്ട് നീങ്ങുക . നിനക്ക് അച്ഛന്റെയും അമ്മയുടെയും സുഹൃത്തിന്റെയും എല്ലാവരുടെയും സ്ഥാനം ഞാൻ തരും .ആരെയും നീ ഭയപ്പെടേണമെന്നില്ല . കാരണം , നമ്മളെല്ലാവരും ഭൂമിയുടെ മക്കൾ തന്നെയാണ് . അതിൽ ജാതിയെന്നോ മതമെന്നോ , ഹിന്ദുവെന്നോ മുസ്ലിമെന്നോ , പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഇല്ല .എല്ലാവരും സമന്മാരാണ്. അത്കൊണ്ട് നീ എല്ലാവരുടെയും മുന്നിൽ പ്രത്യേകിച്ച് ഈ അവസ്ഥയിൽ നീ തലയുയർത്തി അഭിമാനത്തോടെ നടക്കണം . അങ്ങനെയാണ് നീ ചെയ്യുന്നതെങ്കിൽ, ഈ ഭൂമി തന്നെ സത്യം ,എല്ലാവരും നിന്നെ കൂടെയായിരിക്കും .

എനിക്ക് കാര്യങ്ങൾ ബോധ്യപ്പെട്ടു . ടീച്ചർ പറഞ്ഞതുപോലെ എല്ലാവരുടെയും മുന്നിൽ തലയുയർത്തി നടക്കാൻ ഞാൻ തീരുമാനിച്ചു , നന്നായി പഠിക്കാനും . SSLC പരീക്ഷയുടെ അവസാന ദിവസം , പരീക്ഷ കഴിഞ്ഞയുടൻ ഞാൻ ടീച്ചറുടെ അടുത്തേക്ക് പോയി . ടീച്ചർ എന്നെ കണ്ടയുടൻ തന്നെ എന്റെ അടുത്തേക്ക് വന്നു . എന്നിട്ട് എന്നോട് പരീക്ഷ എങ്ങനെയുണ്ടായിരുന്നു എന്ന് ചോദിച്ചു . കുഴപ്പമില്ല , നന്നായിട്ടുണ്ട് എന്ന് ഞാൻ പറഞ്ഞു .കുറച്ച് സംസാരിച്ചതിന് ശേഷം ഞാൻ വീട്ടിലേക്ക് മടങ്ങി.SSLC റിസൽറ്റ് വന്നു . ഞാൻ മുഴുവൻ A+ വാങ്ങി +1 ലേക്ക് പാസായി . ആ സന്തോഷത്തിൽ ഞാൻ ആദ്യം പോയത് ടീച്ചറുടെ അടുത്തേക്കായിരുന്നു . എന്നിട്ട് ടീച്ചറെ കെട്ടിപ്പിടിച്ചു കൊണ്ട് ടീച്ചറോട് നന്ദി പറഞ്ഞു . എന്റെ റിസൽറ്റ് കേട്ടതിന് ശേഷംടീച്ചർ എന്നോട് പറഞ്ഞു : ഇനി നീ നിന്റെ അച്ഛന്റെയും അമ്മയുടെയും അടുത്തേക്ക് പോവുക . അവർ നിന്നെ എന്തായാലും സ്വീകരിക്കാതിരിക്കില്ല . ഒടുവിൽ അത് തന്നെ സംഭവിച്ചു . എനിക്ക് വളരെ സന്തോഷമായി.



പൃത്യുലാൽ.പി.വി
8 സി



## മറക്കാത്ത ഓർമ്മകൾ

ഡ്യൂട്ടിയാണ്.... എങ്കിലും ഇന്നലെ രാവിലെ 7:30 മണിക്ക് കോട്ടിക്കുളം റെയിൽവെ സ്റ്റേഷനടുത്ത് ഒരാൾ ട്രെയിനിൽനിന്ന് വീണ് പരിക്കേറ്റ കിടക്കുന്നു എന്ന് വിവരം അറിഞ്ഞ് അവിടെ എത്തിയ പോലീസ് കണ്ടത് കൈ അറ്റ തൂങ്ങിയ നിലയിലും കാലിലും ശരീരത്തിലാകമാനവും പരിക്ക് പറ്റിയ അന്യസംസ്ഥാനക്കാരൻ ആയിരുന്നു.പേര് പോലും പറയാൻ കഴിയാത്ത അയാളെ പെട്ടെന്ന് ഉദുമ ഹോസ്പിറ്റലിൽ എത്തിച്ചു. പ്രാഥമിക ശുശ്രൂഷ നൽകിയ ഉടനെ കിട്ടിയ ആംബുലൻസിൽ പരിയാരം മെഡിക്കൽ കോളേജിൽ എത്തിച്ചു. കൂടെ പോയ പോലീസ് ഉദ്യോഗസ്ഥൻആംബുലൻസിന്റെ രൂപ സ്വന്തം കൈയിൽ നിന്നും നൽകി.പരിയാരം വിളിച്ച് Aid post ലെ ഉദ്യോഗസ്ഥനെ സഹായം വേണം എന്ന്ആവശ്യപ്പെട്ട് പറഞ്ഞത് പ്രകാരം ഒരാളെ അവിടെ നിർത്തി 4.30 ന് സ്റ്റേഷനിൽ തിരികെ എത്തിയഉദ്യോഗസ്ഥൻ വിശ്രമിക്കുമ്പോൾ സ്റ്റേഷനിൽ വീണ്ടും ഒരു കോൾ വന്നു.ട്രെയിനിൽ നിന്നും സ്ത്രീ തലയ്ക്ക് പരിക്കേറ്റ് കിടക്കുന്നത് കാണുകയും പെട്ടെന്ന് ഉദുമ ഹോസ്പിറ്റിൽ നിന്നുംപ്രഥമ ശുശ്രൂഷ നൽകുകയും ചെയ്ത് പ്രാഥമിക ചികിൽസക്കായി കാസറഗോഡ് ഗവ ഹോസ്പിറ്റിലിൽ എത്തിച്ചു.

സ്ത്രീയുടെ പേരോ വിവരങ്ങളോ അറിയാത്തതിനാൽ ആരേയും വിവരമറിയിക്കാനും സാധിച്ചില്ല.രോഗിയെ ഇവിടെ അഡ്മിറ്റ് ചെയ്യാൻ സാധിക്കില്ലഎന്ന് ഡ്യൂട്ടി ഡോക്ടർ അറിയിച്ചു.പരിയാരത്തേക്കോ കോഴിക്കോടേക്കോ കൊണ്ടു പോകാൻ അറിയിച്ചു.ബഹു ജില്ലാകലക്ടറേയും സൂപ്രണ്ട് സാറിനേയും അറിയിച്ചതിന്റെ ഫലമായി ഹോസ്പിറ്റലിന്റെ ആംബുലൻസ് നൽകാമെന്നും കാഞ്ഞങ്ങാട് ജില്ലാ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യാമെന്നും അറിയിച്ചതിൻ പ്രകാരം കാഞ്ഞങ്ങാട് ഹോസ്പിറ്റലിൽ എത്തിച്ചപ്പോൾ അവിടെയും അഡ്മിറ്റ്ചെയ്തില്ല.കോഴിക്കോട്ട് കൊണ്ടുപോകണമെന്ന് ആവശ്യപ്പെട്ടു.ഇവിടെ CT scan സൗകര്യമില്ല എന്നറിയിക്കുകയും ചെയ്തു. കൂടെ പോയ പോലീസ് ഉദ്യോഗസ്ഥൻ (എന്റെ മാമൻ) സങ്കടം പറഞ്ഞു "സാർ ഇനി കോഴിക്കോട്ടും അഡ്മിറ്റ് ചെയ്തില്ലേ എന്ന്. അദ്ദേഹത്തോട് നേരെ മംഗലാപുരം വെൻഡ് ലോക് ഹോസ്പിറ്റലിൽ പോകാൻ പറഞ്ഞു അപ്പോഴേക്കും സമയം പാതിരാത്രിയായിരുന്നു.രാവിലെ 7:50 ന് ആദ്യത്തെ ആളെ ഹോസ്പിറ്റലിൽ എത്തിച്ച അതേ ആളാണ് സ്ത്രീയെ മംഗലാപുരം ഹോസ്പിറ്റലിൽ എത്തിച്ചത് .യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെടാതെ ഇന്ന് രാവിലെ സ്റ്റേഷനിൽ തിരിച്ചെത്തിയ പോലീസുകാരന്റെ യൂണിഫോം കണ്ടപ്പോൾ വളരെ വിഷമം തോന്നി.രാവിലെ ഹോസ്പിറ്റലിൽ എത്തിക്കാൻ ശ്രമിച്ചപ്പോൾ പറ്റിയ ചോരക്കറയൂണിഫോമിൽ അപ്പോഴും ഉണങ്ങിക്കിടക്കുന്നുണ്ടായിരുന്നു. സ്വന്തം വീട്ടിലെ ആളുകൾക്ക് അപകടം പറ്റിയാൽ എങ്ങനെ സഹായിക്കുമോ അതുപോലെ ഉറക്കമൊഴിച്ച് പണവും ചെലവാക്കി ആരെന്നു പോലും അറിയാത്ത അവർക്ക് വേണ്ടി... ഡ്യൂട്ടിയാണ് എങ്കിലും....

കവിത



അഭിജിത്ത്.പി.വി 8ബി

# എന്റെ നാട്

പച്ചകൊണ്ട് പൊന്നണിഞ്ഞ കേരളം
മാവേലി നാടുവാണ കേരളം
കള്ളവും ചതിയുമില്ലാത്ത കേരളം
വനങ്ങൾ കൊണ്ട് നിറഞ്ഞാടുന്ന കേരളം
അരുവികളും പുഴകളും നിറഞ്ഞാടുന്ന കേരളം
തെയ്യവും പടയണിയും കളിച്ചാടുന്ന കേരളം
എല്ലാ കലകളും നിറഞ്ഞാടുന്ന കേരളം
ദൈവത്തിന്റെ സ്വന്തം നാടായ കേരളം
കടലിന്റെ മക്കളാണ് നമ്മൾ
കടലിനെ അറിഞ്ഞ മക്കളാണ് നമ്മൾ
നെഞ്ചിൽ പാടിനടക്കും കേരളം
നെഞ്ചോട് ചേർത്ത് പിടിക്കും കേരളം
എന്റെ സ്വന്തം കേരളം

# ഓർമ്മകളിൽ

അങ്ങനെ ഓരോരുത്തരോടും യാത്ര പറഞ്ഞ് ഇറങ്ങി . കാറിലായിരുന്നു ഞങ്ങൾ പോയത് . ഒരു മാസത്തെ ദുബായ് യാത്രയായിരുന്നു അത് . ഞാനും ഉമ്മയും ഇത്താത്തയും ഇത്താത്തയുടെ രണ്ട് മക്കളും . ഞങ്ങൾ ഭക്ഷണം കഴിച്ചതിന് ശേഷം എയർപോർട്ടിലേക്ക് പോയി . എല്ലാം കഴിഞ്ഞതിന് ശേഷം ഞങ്ങൾ കുറച്ച് നേരം വിശ്രമിച്ചു . 10:30 ന് ആയിരുന്നു ഫ്ലൈറ്റ് . പിന്നെ ഞങ്ങൾ ഫ്ലൈറ്റിൽ കയറി . ഞാനും ഉമ്മയും ഒരുമിച്ചായിരുന്നു ഉണ്ടായത്. ഇത്താത്തയ്ക്ക് വേറെ സീറ്റാണ് കിട്ടിയത്. ഞാൻ കുറേ സെൽഫിയെടുത്തു . ശേഷം ഫ്ലൈറ്റ് പൊങ്ങാൻ തുടങ്ങി . എല്ലാവർക്കും മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്യണമെന്ന അറിയിപ്പ് കിട്ടി . എന്റെ ഇത്താത്തയ്ക്ക് ഭയങ്കര പേടിയായിരുന്നു . അവിടെ എത്തുന്നത് വരെയുള്ള ആ മൂന്നര മണിക്കൂർ ഞാൻ പാട്ട് കേട്ടുകൊണ്ടേയിരുന്നു . ഇടയ്ക്ക് കോഫി കുടിച്ചു . ഫ്ലൈറ്റ് ഒരു മണിക്ക് ലാന്റ് ചെയ്തു . ഫ്ലൈറ്റിൽ നിന്നും ഇറങ്ങി ചെക്കിംങ് ഒക്കെ കഴിഞ്ഞു . ഞങ്ങളെ കൂട്ടാൻ ഇത്താത്തയുടെ ഭർത്താവ് വന്നിരുന്നു . ഞങ്ങൾ എയർപോർട്ടിന്റെ ഉള്ളിൽ നിന്ന് പുറത്തേക്ക് ഇറങ്ങിയപ്പോൾ ഒരു ചൂട് കാറ്റ് എന്റെ മുഖത്തേക്ക് അടിച്ചു.

പിന്നെ ഞങ്ങൾ അബൂദാബിയിലേക്ക് പുറപ്പെട്ടു . ദുബായ് എയർപോർട്ടിലാണ് ഞങ്ങൾ ഇറങ്ങിയത് . കാറിലൂടെ പോകുമ്പോൾ അവിടുത്തെ ആ പ്രകൃതി ഭംഗി അനുഭവിച്ചറിയണം , അത്രയ്ക്കും മനോഹരമാണ് . ഞങ്ങൾ അബൂദാബിയിലെത്തി . റൂമിലേക്ക് പോയി . ഞാൻ മുഖം കഴുകാൻ വേണ്ടി പൈപ്പ് തുറന്നു മുഖം കഴുകിയപ്പോൾ ഞാൻ ആകെപ്പാടെ തരിച്ച്പോയി .ഉറക്കെ നിലവിളിച്ചു ചൂടുവെള്ളമാണ് ഉണ്ടായത് . അത്എനിക്ക് അറിയില്ല . പിന്നെ ഞങ്ങൾ ഭക്ഷണം കഴിച്ചു . ഞങ്ങൾ ഒരുപാട് ഭക്ഷണം കൊണ്ടുപോയി. എല്ലാം മോശമായിപ്പോയിരുന്നു . രാത്രി ഞങ്ങൾ പുറത്തേക്ക് പോയി . അവിടെ ആസമയം ഭയങ്കര ചൂടായിരുന്നു . ഞങ്ങൾ രാവിലെ പുറത്ത് പോകാറില്ല . പിറ്റേ ദിവസം ഞങ്ങൾ ദുബായ് കാണാൻ വേണ്ടി പോയി . അവിടുത്തെ ചൂടിൽ ഒരു മിനുറ്റ് പോലും പുറത്ത് നിൽക്കാൻ പറ്റില്ല . ദുബായിൽ ഞങ്ങൾ ഒരുപാട് സ്ഥലങ്ങൾ കണ്ടു . രാത്രി ഞങ്ങൾ ബുർജ് ഖലീഫയുടെ അടുത്തുള്ള ഒരു വാട്ടർ ഫൗണ്ടേഷൻ ഷോ കാണാൻ പോയി . ഞങ്ങൾ ഒരുപാട് വീഡിയോസ് എടുത്തു . എനിക്ക് ഒരുപാട് ഇഷ്ടപ്പെട്ടു.ഞാൻ ദുബായിലെത്തിയപ്പോഴേക്കും എന്റെ വസ്ത്രധാരണത്തിലൊക്കെ മാറ്റം വരാൻ തുടങ്ങി . അവിടെ ഓരോ ഭാഷക്കാരും പല വസ്ത്രധാരണ രീതിയിൽ നടക്കുന്നവരുമൊക്കെ ഉണ്ട് . ഞങ്ങൾ എപ്പോഴും പുറത്ത് നിന്ന് ഭക്ഷണം കഴിക്കാറില്ല . റൂമിൽ തന്നെ ഭക്ഷണം ഉണ്ടാക്കി കഴിക്കും . ഞങ്ങൾ ഓരോ ദിവസവും രാത്രി പുറത്ത് പോയി കറങ്ങി വരും .

ഇടയ്ക്കൊക്കെ റൂമിലേക്ക് അതിഥികൾ വരാറുണ്ട് . ഒരു ദിവസം ഇക്കാക്കയുടെ ചങ്ങാതി വന്നപ്പോൾ അനിയത്തിക്ക് വെള്ളിയുടെ പാദസരം കൊണ്ടു വന്നു . ഓരോ ദിവസവും ഞാൻ എന്റെ ചങ്ങാതിയോട് ക്ലാസിൽ എഴുതിയത് അയക്കാൻ പറയും . എന്റെ ക്ലാസ് മാഷിനെ വിളിച്ച് സുഖ വിവരങ്ങളൊക്കെ ചോദിക്കാറുണ്ടായിരുന്നു . ഒരു ദിവസം രാത്രി ഞങ്ങൾ കോർണിഷി ലേക്ക് പോയി . ഞങ്ങൾ നടന്നിട്ടാണ് പോയത് . ഞങ്ങളുടെ റൂമിൽ നിന്നും 20 മിനുറ്റ് നടക്കണം . എന്നാലും ഞങ്ങൾ അവിടെ എത്തിയപ്പോൾ ഒരുപാട് ക്ഷീണിച്ചു . ഞാനും അനിയനും കൂടി ഒരുപാട് നേരം കടലിൽ കളിച്ചു . ഫോട്ടോസ് എടുത്തു . ഞങ്ങൾ പെരുന്നാളിന് ഡ്രസ്സ് എടുക്കാൻ പോയി . ഞാനും എന്റെ അനിയത്തിയും അവിടുത്തെ മോഡൽ ഡ്രസ്സാണ് എടുത്തത് . പക്ഷെ ഉമ്മാക്ക് അതൊന്നും ഇഷ്ടമല്ല . പെരുന്നാളിന് ഞങ്ങളുടെ റൂമിലേക്ക് ഒരുപാട് പേർ വന്നിരുന്നു . അവർക്കുള്ള ഭക്ഷണം റൂമിൽ തന്നെ ഉണ്ടാക്കി .

അന്നുച്ചയ്ക്ക് ഞങ്ങൾ ശൈഖ് സായിദ് മസ്ജിദിലേക്ക് പോയി . അവിടെ എത്തിയപ്പാൾ ഞാൻ അമ്പരന്നുപോയി . ഏത് മതത്തിൽ പെട്ടവരും ഏത് ജാതിയിൽ പെട്ടവരും അവിടെ എത്തിയാൽ പർദ്ദ ധരിക്കണം . അതിന്റെ ഓരോ ഭാഗങ്ങളും ഞങ്ങൾ കണ്ടു . വളരെ മനോഹരമായിരുന്നു . അന്ന് നമ്മൾ നേരെ അബൂദാബി മാളിലേക്കും , മുശ്രിഫ് മാളിലേക്കും പോയി . ഒരുപാട് പർച്ചേസ് ചെയ്തു . അന്ന് രാത്രി ഞങ്ങൾക്ക് ഇക്കാക്കയുടെ ചങ്ങാതിയുടെ വക ട്രീറ്റുണ്ടായിരുന്നു . കെ എഫ് സിയാണ് കഴിച്ചത് . ശേഷം ഞങ്ങൾ പാർക്കിലേക്ക് പോയി . ഐസ്ക്രീം കഴിച്ചു. ഞങ്ങൾ നാട്ടിലേക്ക് വരാനുള്ള ദിവസം അടുത്തു .അതിന്റെ ഇടയിൽ അനിയത്തി സ്റ്റെപ്പിൽ നിന്ന് തെന്നി വീണു . പിന്നെ രണ്ട് ദിവസം ഞങ്ങൾക്ക് പുറത്ത് പോകാൻ കഴിഞ്ഞില്ല . അവളോട് റെസ്റ്റ് എടുക്കാൻ ഡോക്ടർ പറഞ്ഞു . ഞാൻ രാവിലെ റൂമിലിരിക്കുമ്പോൾ ലാപ്ടോപ്പിൽ പാട്ടും സിനിമയും കാണും . റൂമിൽ ഫുൾ ടൈം ഏസിയായിരുന്നു . ബോറടിക്കുന്ന സമയത്തൊക്കെ ഞാനും ഇത്താത്തയും പാർക്കിൽ പോയിരുന്ന് ചോക്ലേറ്റൊക്കെ കഴിക്കും . എന്നെ ഇത്താത്ത വെള്ളം വാങ്ങാൻ അയച്ചു. അവിടെ എത്തി കടക്കാരനോട് ഏത് ഭാഷയിൽ സംസാരിക്കണമെന്ന് അറിയില്ല . ഹിന്ദി ആണെങ്കിൽ വലുതായി ഒന്നും അറിയില്ല . എന്തൊക്കെയോ ഹിന്ദിയിൽ പറഞ്ഞ് ഒരു കുപ്പി വെള്ളം വാങ്ങി .

ഓരോ ദിവസവും പുറത്ത് പോയി വരുമ്പോൾ അനിയൻ ഒരു കാർ വാങ്ങാതെ വരില്ല . ഞങ്ങൾ നാട്ടിലേക്ക് വരാറായി . അവിടെ ഉള്ള മിക്ക സ്ഥലങ്ങളും ഞങ്ങൾ കണ്ടു . എവിടെയെങ്കിലും പോകണമെങ്കിൽ ഇക്കാക്ക ഡ്യൂട്ടി കഴിഞ്ഞ് വരുന്നത് വരെ കാത്തു നിൽക്കാറില്ല . ഞങ്ങൾ സ്വന്തം തന്നെ പുറത്തൊക്കെ പോയി പർച്ചേസ് ചെയ്തു വരും . ഇക്കാക്കാന്റെ ചങ്ങാതി ഇടയ്ക്കിടെ ഞങ്ങൾക്ക് ജ്യൂസും സാൻവിച്ചും കൊടുത്തയക്കും . ഞങ്ങൾ രാത്രി ഉറങ്ങാൻ ഒരുപാട് വൈകും . ഓഗസ്റ്റ് 31 ന് രാവിലെ 7:00 മണിക്ക് ഞങ്ങൾ എല്ലാവരോടും യാത്രപറഞ്ഞ് ദുബായ് എയർപോട്ടി ലേക്ക് പോയി . എനിക്ക് അവിടെ നിന്നും വരാൻ തീരെ ഇഷ്ടമില്ലായിരുന്നു . ഇനിയും അവിടെ തന്നെ

നിൽക്കാൻ എനിക്ക് തോന്നി . ഉച്ചയ്ക്ക് 12:45 – നായിരുന്നു ഫ്ലൈറ്റ് . ചെക്കിങ്ങൊക്കെ കഴിഞ്ഞ് ഞങ്ങൾ ഫ്ലൈറ്റിൽ കയറി . മംഗലാപുരം എയർപോട്ടിൽ ആണ് ഞങ്ങൾ ഇറങ്ങിയത് . ഒരുപാട് സമയമെടുത്തിരുന്നു പുറത്തിറങ്ങാൻ . ഞങ്ങളെ കൂട്ടാൻ ഇത്താത്തയുടെ ഭർത്താവ് വീട്ടിൽ നിന്നും വന്നിരുന്നു . അങ്ങനെ ഞങ്ങൾ ദുബായിയോട് വിടപറഞ്ഞ് കേരളത്തിലെത്തി . ഒരുപാട് മിസ്സ് ചെയ്യുന്നുണ്ട് ദുബായ്......

**റഹീന.സി 10 ബി**

കവിത



ഷിഫാന.എൻ.പി
10എ

# ഒരു യാത്രാമൊഴി

ഞാൻ പോവുകയായ്...
എനിക്ക് പോകേണ്ടിയിരിക്കുന്നു...
എന്റെ ഈ മോഹങ്ങളും അനുഭവങ്ങളും-
എല്ലാം വിട്ട്....

എന്റെ മനോഹര തീരത്ത് നിന്നും...
മുറിവുണങ്ങാത്ത ഓർമ്മകളുമായ്...
ജീവിതത്തിന്റെ അർത്ഥം പറഞ്ഞുതന്ന-
അനുഭവങ്ങളിൽ നിന്നും...
ഞാൻ പോവുകയായ്....

മോഹങ്ങളും അനുഭവങ്ങളും സാക്ഷിയായ-
ഈ ളുണകളിൽ നിന്നും...
മനോഹരമായ എന്റെ ജീവിതാ-
നുഭവങ്ങളിൽ നിന്നും...

ഒരുപാട് നല്ല ഓർമ്മകളിൽ നിന്നും
എന്റെ വിദ്യലയത്തിൽ നിന്നും
പോവുകയായ്....
വാത്സല്യത്താൽ അറിവുകൾ പകർന്ന
ഗുരുക്കന്മാരിൽ നിന്നും

സ്നേഹിച്ച് കൊതിതീരാത്ത
എന്റെ പ്രിയ സുഹൃത്തുക്കളിൽ നിന്നും
ഞാൻ അകലുകയായി....
അവസാനം കാത്തിരിക്കുന്നു-
കാലത്തിന്റെ മറുവിളിക്കായ്....

# പള്ളിക്കൂടം

പള്ളിക്കൂടം തുറന്നല്ലോ !
പുസ്തകംതോളിലെടുത്തല്ലോ
കുടയും ചൂടി നടക്കുന്നേരം
വണ്ടുകൾ മൂളും ശബ്ദങ്ങൾ
ആഹാ എന്തൊരു രസമാണ്!
പള്ളിക്കൂടം കാണുവാൻ
അലങ്കരിച്ച ക്ലാസ്മുറി
ടീച്ചർക്കായിപുതുകസേര
അറിവുകൾ നമുക്ക്നേടിത്തരും
പുതു പുതു അദ്ധ്യാപകരും
ആഹാ എന്തൊരു രസമാണ്!
പള്ളിക്കൂടം തുറന്നല്ലോ !

## യാത്രാവിവരണം



വിസ്മയ.പി.വി 10 സി

# മൈസൂരിലേക്ക്

പത്താം ക്ലാസിന്റെ പഠനത്തിന്റെ തിരക്കിൽ നിന്നും മനസ്സിന് ഒരാശ്വാസം എന്ന പോലെ പഠനയാത്ര വന്നെത്തി.നവമ്പർമാസം രണ്ടി ന് അത് ആരംഭിച്ചു.എന്നെ സംബന്ധിച്ചിടത്തോളം ആ യാത്ര എനിക്ക് വലിയൊരു ആശ്വാസം ആയിരുന്നു.മനസ്സിന്റെ ഏകാന്തതയിൽ നിന്ന് കൂട്ടുകാരുമൊത്ത് ഒരു ഉല്ലാസയാത്ര .ആ വെള്ളിയാഴ്ച്ച ദിവസം ചന്ദ്രനെ സാക്ഷിയാക്കി ഞങ്ങൾ യാത്ര തിരിച്ചു.യാത്ര തിരിച്ചപ്പോൾ തന്നെ നമ്മുടെ എല്ലാവരുടെയും മനസ്സിൽ ടൂറിന്റെ ആവേശം ഉദിച്ചിരുന്നു.ബസ്സിനുള്ളിലെ കൂട്ടുകാരുടെ ആവേശം കണ്ട് മനസ്സ് ഒന്ന് അത്ഭുതപ്പെട്ടു.എല്ലാവരുടെയും ഇതുവരെ കാണാത്ത മുഖം .അവരുടെ മുഖത്തുണ്ടായ സന്തോഷം എല്ലാം എന്നെ മനസ്സിനെ ഒരുപാട് തണുപ്പിച്ചു.

ആ ബസ്സ് അങ്ങനെ മംഗലാപുരത്തെത്തി.അവിടെ നിന്ന് വേറൊരു ബസ്സിലേക്ക് .അവിടെ എല്ലാം മാറുകയാണ് .നമ്മുടെ ചിന്താഗതികളൊക്കെ .കാരണം വേറൊരു നാട് വേറൊരു സംസ്കാരം വേറൊരു ഭാഷ എല്ലാത്തിനും മാറ്റം .ആ ബസ്സയാത്ര അങ്ങനെ മൈസൂരിലെ ധർമ്മസ്ഥല എന്ന റൂമിനു മുന്നിലെത്തി.റെഡിയായ ശേഷം ഞങ്ങളുടെ ആദ്യയാത്ര മൈസൂരിൽനിന്ന് ശ്രാവണ ബലഗോളയിലെ രാമഡേശ്വരം എന്ന അമ്പലത്തിലേക്കായിരുന്നു.എന്റെ കാലിനെ തളർത്തുന്ന വിധത്തിലായിരുന്നു അവിടത്തെ പടിക്കെട്ടെങ്കിലും എന്റെ മനസ്സിന് അതൊന്നും ആശ്വാസമായിരുന്നു ആ ക്ഷേത്രം.ബാഹുബലി എന്ന പ്രതിമയും ആ ക്ഷേത്രത്തിന്റെ പ്രത്യേകതയാണ് .ഇവിടത്തെ ആചാരാനുഷ്ഠാനങ്ങൾ എല്ലാം തന്നെ എനിക്ക് പുതിയ ഒരു അനുഭവമായിരുന്നു.പിന്നെ ഞങ്ങൾ താഴെ ഇറങ്ങി.പ്രഭാത ഭക്ഷണം കഴിച്ചു.പിന്നെ ഞങ്ങൾ യാത്ര തുടർന്നു.മൈസൂർ പാലസ്സിലേക്ക് പോയി. അവിടേയും ഒരുപാട് കാഴ്ച്ചകൾ കാണാൻ ഉണ്ടായിരുന്നു.ടിപ്പു സുൽത്താനെക്കുറിച്ച് കൂടുതൽ അറിയാൻ പറ്റി.അവിടെ പാലസ് പണികഴിപ്പിച്ചിരിക്കുന്നത് വളരെ മനോഹരമായാണ്.ഞങ്ങൾ ആ ഗാർഡനു ചുറ്റും ഇരുന്നു.അവിടെ ഒരുപാട് ആസ്വദിച്ചു.ആ പാലസിൽ ടിപ്പു സുൽത്താനെ തൊട്ടറിയും വിധം കാഴ്ച്ചകൾ ആസ്വദിച്ചിരുന്നു ഞാൻ.പിന്നീട് ഞങ്ങളുടെ യാത്ര ചാമുണ്ടി കുന്നിലേക്കായിരുന്നു. അവിടെ ക്ഷേത്ര ദർശനം നടത്തിയതിനു ശേഷം ഞങ്ങൾ എല്ലാവരും പർച്ചേസിങ്ങിനായി പോയി. പിന്നെ ഞങ്ങൾ തിരിച്ചുവരുമ്പോൾ കണ്ണിന് കുളിർമ്മ നൽകുന്ന രീതിയിൽ മൈസൂർ സിറ്റി ഒരുങ്ങി കഴിഞ്ഞിരുന്നു. അത് കണ്ണിനെ ഒരുപാട് ആകർഷിച്ചു. ടൂറിന്റെ രണ്ടാം ദിവസത്തിലേക്ക്

ഞങ്ങൾ മൃഗശാലയിലേക്ക് പോയി. അവിടെ ജീവിതത്തിൽ കാണാത്ത ഒരു പാട് മൃഗങ്ങളെ എനിക്ക്കാണാൻ കഴിഞ്ഞു.

കീർത്തിനാരായണ temple ലേക്കായിരുന്നു ഞങ്ങളുടെ യാത്ര . എന്നെ കൂടുതലായും കീർത്തിനാരായണ temple അത്ഭുതപ്പെടുത്തി. നമ്മുടെ കാലഘട്ടം മാറിയതു പോലെ ആ ക്ഷേത്രവും മാറി. പുരാതനകാലഘട്ടത്തിൽ സ്ഥാപിച്ച ഓരോ ക്ഷേത്രങ്ങളും മണ്ണിനടിയിലേക്ക് മറഞ്ഞുപോയി എന്നതാണ് ആ അമ്പലത്തിനു ചുറ്റി പറ്റിയുള്ള കാര്യം. അവിടെ മുഴുവനായും പൂഴിയായിരുന്നു. പിന്നെ ഞങ്ങൾ നേരെ വെള്ളച്ചാട്ടം കാണാനായിരുന്നു. പ്രകൃതിവരദാനമായ ആ വെള്ളച്ചാട്ടം കാണാൻ നല്ല രസമായിരുന്നു.ആ വെള്ളച്ചാട്ടം ശിവനസമുദ്രം എന്നാണ് പറയുന്നത്. പിന്നെ ഞങ്ങളുടെ യാത്ര സെന്റ് ഫിലോമിന ചർച്ചിലേക്കായിരുന്നു.അവിടേയും ഒരുപാട് അത്ഭുതപ്പെടുത്തുന്ന കാഴ്ച ഉണ്ടായിരുന്നു.ഞങ്ങൾ നേരെ വൃന്ദാവൻ ഗാർഡനിലേക്കായിരുന്നു പോയത്.വസന്തകാലത്തിനെ വരവേൽക്കാൻ നമ്മൾ ഒരുങ്ങുമ്പോൾ വൃന്ദാവനം എപ്പോഴും വസന്തമായി നിലനിൽക്കുന്നു.അതൊരു പക്ഷെ ഒരത്ഭുതമാണ് .എന്നെ സംബന്ധിച്ചിടത്തോളം ചുട്ടുപൊള്ളുന്ന സൂര്യനെ സാക്ഷിയായിട്ടുപോലും നമ്മുടെ മനസ്സിന് കുളിർമ്മ തരുന്നതുപോലെ നിൽക്കുകയാണ് വൃന്ദാവൻ ഗാർഡൻ.ലൈറ്റ്ഷോയും എന്നെ ഒരുപാട് ആകർഷിച്ചു.അതും എല്ലാരെയും ആകർഷിക്കുന്ന തരത്തിലായിരിന്നു.പിന്നെ ഞങ്ങൾ ശ്രീരംഗപട്ടണത്തിലെ ഗുംബസിലേക്ക് പോയി.അവിടെ നിന്നും ടിപ്പുസുൽത്താന്റെ ഒരുപാട് കാര്യങ്ങൾ അറിയാൻ പറ്റി.അവിടേയും ഒരുപാട് കാഴ്ചയുണ്ട്.പിന്നെ ഞങ്ങൾ വാട്ടർജയിലേക്ക് .അവിടെ നിന്നും ഒരുപാട് കാര്യം അറിയാനുണ്ട്.അവിടെ പുരാതനകാലത്ത് ഉണ്ടായ വധശിക്ഷയെക്കുറിച്ച് അറിയാൻ പറ്റി.പിന്നെ ഞങ്ങൾ മ്യൂസിയത്തിലേക്ക് പോയി അവിടെ മൃഗങ്ങളുടെ അസ്ഥികൂടങ്ങളെല്ലാം കണ്ടു.ഒരുപാട് കാഴ്ച ഉണ്ടായിരുന്നു.അങ്ങനെ ടൂറിന്റെ അവസാന ദിനമെത്തി.ആ ബാംഗ്ലൂർ-മൈസൂർ യാത്ര എനിക്ക് ഒരുപാട് സന്തോഷം പകർന്നുതന്നു.അങ്ങനെ ഞങ്ങൾ മൈസൂർ റോഡിൽനിന്നും മജിസ്റ്റിക്കിലേക്ക് മെട്രോയിൽ കയറി.അത് എന്റെ ആദ്യത്തെ അനുഭവം ആയിരുന്നു.ഞാൻ വളരെയധികം അത് ആസ്വദിച്ചു.പിന്നെ നേരെ പർച്ചേസിങ്ങിനായി ഒരുങ്ങി.മജിസ്റ്റിക്കിൽ നിന്നും സാധനങ്ങൾ എല്ലാം തന്നെ വാങ്ങി.പിന്നെയും മെട്രോ യാത്ര.ആ മെട്രോ ട്രെയിനിൽ യാത്ര എന്റെ ജീവിതത്തിലെ ആദ്യ യാത്ര ആയിരുന്നു. ആ മെട്രോ യാത്രയിൽ നിന്നും പുറത്തുള്ള ഗ്രാമത്തിന്റെ സൗന്ദര്യം അനുഭവിച്ചറിഞ്ഞു.വലിയ വലിയ ബിൽഡിങ്ങുകളും വലിയ വലിയ വാഹനങ്ങളും എല്ലാം തന്നെ പോകുന്നത് മെട്രോ ട്രെയിനിൽ ഇരുന്ന് ആസ്വദിക്കാം.മൈസൂരിലേയും ബാംഗ്ലൂരിലേയും ഓരോ സ്ഥലത്തിന്റേയും ഭംഗി എന്റെ മനസ്സിനെ ഒരുപാട് ആകർഷിച്ചു.ആ പ്രദേശങ്ങളിൽ ജീവിക്കുന്നവരുടെ അവസ്ഥയും കാണാൻ പറ്റി.അവരുടെ ആ പ്രദേശത്തിന്റെ മുഖ്യ സ്രോതസ്സ് എന്ന് പറയുന്നത് തന്നെ കൃഷിയാണ്.ഓരോ ബസ്സ് യാത്രയിലും കണ്ണിനെ

അത്ഭുതപ്പെടുത്തുന്ന കൃഷിരീതികളായിരുന്നു കണ്ടിരുന്നത്. ഏറ്റവും കൂടുതൽ ആകർഷിച്ചത് ആ മല്ലികകൃഷി ..പിന്നെ ആ പ്രദേശത്തിന്റെ തണുപ്പ് കാലാവസ്ഥയും .ഈ പഠനയാത്രയിൽ കൂട്ടുകാരോട് കൂടുതൽ അടുക്കാനും അധ്യാപകരോട് സംവദിക്കാനും കഴിഞ്ഞു.വണ്ടർലായിലെ ride നെ പേടിയോടെ നോക്കിക്കൊണ്ടിരുന്ന എനിക്ക് ഒരു പക്ഷേ അവിടെയുള്ളതിനെയെല്ലാം അടുത്തറിയണമെന്ന ആഗ്രഹം ആയിരുന്നു wonderla യിൽ ഒരുപാട് enjoy ചെയ്തു.wonderla യിൽ ഒരുപാട് രസിപ്പിക്കുന്ന കാഴ്ചയുണ്ടായിരുന്നു.ഞാൻ കണ്ട ഓരോ സ്ഥലത്തിനും അതിന്റേതായ ഭാവകാഴ്ചകൾ ഒരുക്കിയ പ്രകൃതിക്കും മനുഷ്യകരങ്ങൾക്കും എന്റെ ഈ യാത്രാവിവരണത്തിൽ ഞാൻ ഒരുപാട് നന്ദി അറിയിക്കുന്നു.

എന്റെ മനസ്സിന്റെ കോണിൽ സൂക്ഷിച്ചുവയ്ക്കാൻ പറ്റുന്ന ഒരു പിടിഓർമ്മകളാണ് ഈ Study tour എനിക്ക് സമ്മാനിച്ചുതന്നത് .അത്രയ്ക്കും ഞാൻ ഈ tour enjoy ചെയ്തു.എന്റെ മനസ്സിൽ എന്നും ഈ Study tour മായാതെ കിടക്കും......

കഥ



ശ്രുതി.എം 6B

# ഇന്നലെകൾ

കാലത്തിന്റെ ചിതലരിക്കുന്ന പൂമരമാണ് സൗഹൃദം.സൗഹൃദം ഒരു തണലാണ്,ദുഃഖങ്ങളുടെയും സന്തോഷങ്ങളുടെയും വേനൽ ചൂടിൽ ഇത്തിരി കുളിർക്കാറ്റുമായി ആരെയും ആശ്വസിപ്പിക്കുന്ന നല്ല തണൽ .തണലും സുഗന്ധവും പകരുന്ന നമ്മുടെ ജീവിതത്തിലെ അപൂർവ്വ നിമിഷങ്ങൾ നമ്മെ നോക്കി പുഞ്ചിരിച്ചു.സൗഹൃദം സുഗന്ധപ്പൂക്കൾ പോലെയാണ് .അവ കൊഴിഞ്ഞുവീണാലും ഓർമകൾ പകരുന്ന സൗരഭ്യങ്ങൾക്ക് മങ്ങലേൽക്കാതെ ഹൃദയത്തിൽ എന്നും നിറഞ്ഞു നിൽക്കും .സൗഹൃദ കുളിർമ തൂകുന്ന വസന്തകാലത്തിൻ വഴിവക്കിൽ വച്ച് ചിലരുമായി കൂട്ടുകൂടി.അന്ന് അവർ പകർന്ന സത്യമുള്ള വാക്കുകളും സ്നേഹമുള്ള ഹൃദയവും ആത്മാർത്ഥമായ മനസ്സും ജീവിതത്തെ മുന്നോട്ടു നയിച്ച് ,ലക്ഷ്യപടവുകൾ പതുക്കെ തെന്നിവീഴാതെ കൈകൾ കോർത്ത് തുണച്ചു.ഇനി ഒരു തിരിച്ചുവരവുണ്ടാകുമോ? അറിയില്ല ! നടന്നുതീർന്ന വഴികളിൽ ചില നിമിത്തം പോലെ ഒരു നാൾ നാം കണ്ടുമുട്ടി.സുഖദുഃഖങ്ങൾ പങ്കുവച്ചു.ഏതോ നിമിഷത്തിൽ കാലം നമ്മെ സുഹൃത്തുക്കളാക്കി ഓർമ്മകളുടെ താളുകളിൽ കുറിച്ചുവന്ന അനുഭൂതികൾ മനസ്സിനെ വിങ്ങലേൽപ്പിച്ചു.കൊഴിഞ്ഞുവീണ ചില നിമിഷങ്ങൾ അവയെ നോക്കി നെടുവീർപ്പോടെ നിൽക്കുമ്പോഴും ഓർമ്മകളിൽ നമ്മുടെ സൗഹൃദം എന്നും പൂത്തുനിൽക്കുന്നു. ഒരു വഴിവക്കിൽ വച്ച് നാം കണ്ടുമുട്ടി പലവഴികളിലായ വേദനയോടെ നാം മാഞ്ഞുപോയി.നോവുന്ന ഒരു വാക്ക് മതി പിടയുന്ന ഹൃദയത്തെ ഒന്നു വേദനിപ്പിക്കാൻ.എന്നാൽ അവർ സമ്മാനിച്ച മധുരിക്കുന്ന ആയിരം വാക്കുകൾ.മുള്ളു നിറഞ്ഞ പാതയിൽകൂടി

സഞ്ചരിക്കുമ്പോഴും കൈകൾ കോർത്ത് കൊണ്ട് ഒപ്പം അവരും ഉണ്ടായിരുന്നു.വിടപറയുമ്പോൾ ഇടവേള മാത്രമാണെന്ന് കരുതി.നാം എല്ലാവരും ഒരുമിച്ച് കൂടിയ ആ നല്ല നിമിഷങ്ങളും ,നാം പങ്കുവച്ച സ്വപ്നങ്ങളും ഒടുവിൽ അകന്നുപോയപ്പോൾ അറിയാതെ പുറത്തുവന്ന കണ്ണുനീർ തുള്ളികൾ ഇന്നും അകലുമ്പോൾ ഏകാന്തതയുടെ നിശബ്ദ ഭാവം എനിക്ക് ചുറ്റും വലയം ചെയ്തു.എത്രനാൾ കഴിഞ്ഞാലും എവിടെ ആയിരുന്നാലും ഒന്നും മിണ്ടാതെ ഇരുന്നാലും ഒരു നിമിഷമെങ്കിലും ഓർക്കാൻ കഴിയുമെങ്കിൽ അതല്ലെ സ്നേഹം...നുറുങ്ങുന്ന വേദനയോടെ നാം പിരിയുമ്പോൾ ഒരുപാട് കാലം ഓർമിച്ചിരിക്കാൻ ,ഒരുപാട് കാര്യങ്ങൾ തുറന്നുപറയാൻ ,ഒത്തൊരുമയോടെ സ്നേഹിക്കാൻ നിങ്ങൾക്ക് ഞാനും എനിക്ക് നിങ്ങളും ഉണ്ടാകും .അന്നും ഇന്നും എന്നും.....



രേവതി.കെ.വി 6എ


# എങ്ങോ മാഞ്ഞുപോയി

ഒരു കുഞ്ഞുപൂവിന്റെ ഇതളിൽ തലോടിഞാൻ
ഒരു സ്വപ്നമെങ്ങോ നെയ്തെടുത്തു.
എൻ ജീവനിൽ വർണ രാജിവിതറിയ
പ്രകൃതിയാമമ്മ ഇന്നെങ്ങു പോയി.
നിൻ സ്വരം എൻ കാതിൽ
മുഴങ്ങുന്ന നേരം
നിൻ നാദം എന്നെ
തൊട്ടുണർത്തുന്ന നിമിഷം
നിൻ വെളിച്ചം എന്നിൽ
പടരുന്ന വേള
അതിനായ് ഞാൻ കാത്തിരിക്കുന്നുവോ..
എൻ മനം അതിനായി തുടിക്കുന്നുവോ..
നിൻ മാധുര്യം എങ്ങോ മാഞ്ഞുപോയീടിനാൽ
എൻ ജീവ താളം നിലച്ചീടുകിൽ.

# വരകൾ വർണ്ണങ്ങൾ



അദ്വൈത്
അശോകൻ 6ബി



ഫവാസ് അൽറൈസി
10 എ

കഥ



അനുജി.പി.വി

# അച്ഛൻ വരും......ഒരു നാൾ

അനുവിന് അമ്മയേക്കാൾ ഇഷ്ടം അവളുടെ അച്ഛനോടാണ് . അവൾക്ക് പല്ല് തേപ്പിക്കുകയും , കുളിപ്പിക്കുകയും , ചോറ് വാരിക്കൊടുക്കുകയുമെല്ലാം ചെയ്യുന്നത് അച്ഛനാണ് . അനുവിന്റെ അമ്മ ചിലപ്പോൾ കുശുമ്പോടെ പറയും " നൊന്ത് പ്രസവിച്ചത് ഞാൻ .... എന്നിട്ട് ഇഷ്ടം മുഴുവൻ അച്ഛനോടും " .അച്ഛൻ ഓഫിസിൽ നിന്നും വരുന്നത് വരെ ഉറങ്ങാതെ അനു കാത്തിരിക്കും . അച്ഛൻ വന്നാൽ കൂടെയിരുന്ന് ഭക്ഷണം കഴിച്ച് അന്നത്തെ സ്കൂൾ വിശേഷങ്ങളൊക്കെ പങ്കുവെച്ച് ഒരുമിച്ചാണ് കിടന്നുറങ്ങാറ് . ഒരിക്കൽ അച്ഛന് ജോലിയുടെ ഭാഗമായി ഒരു വിദേശയാത്ര ആവശ്യമായി വന്നു . താൽക്കാലിക മെങ്കിലും അനുവിന് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു ആ വേർപാട് . അച്ഛൻ ചോ ദിച്ചു : മോളേ , ഞാൻ പോയിവരട്ടേ . അനു ഒന്നും മിണ്ടാതെ ഒരു മൂലയിലിരുന്ന് കരയാൻ തുടങ്ങി . എന്നാൽ മാറ്റിവെക്കാനാവാത്ത യാത്രയായതിനാൽ എല്ലാവരോടും യാത്ര പറഞ്ഞ് അച്ഛൻ ഇറങ്ങി . അതോടെ അനുവിന്റെ ഉന്മേഷമെല്ലാം പോയി . നേരത്തിന് ഭക്ഷണം പോലും കഴിക്കാതെയായി . അവൾ സ്നേഹനിധിയായ അച്ഛനെയും കാത്ത് ഉമ്മറത്തിണ്ണയിൽ വിദൂരത്തേക്ക് കണ്ണും നട്ട് ഇരിക്കും . ഒരു അവധി ദിവസം അച്ഛൻ ഫോണിൽ വിളിച്ചു . വൈകാതെ അച്ഛൻ നാട്ടിൽ തിരിച്ചെത്തുമെത്രെ ! അനു സന്തോഷം കൊണ്ട് തുള്ളിച്ചാടി . അവളുടെ ഉന്മേഷമെല്ലാം തിരികെ വന്നു . ദിവസങ്ങൾ കഴിഞ്ഞു .      ഒരു തണുത്ത പകലിൽ അനുവിന്റെ വീടിന് മുന്നിൽ ഒരു ആംബുലൻസ് വന്നു നിന്നു . അതിൽ നിന്ന് തുവെള്ളയിൽ പൊതിഞ്ഞ ഒരു ബോഡി പുറത്തെടുത്തു . വീടിന് മുന്നിൽ ജനം നിറഞ്ഞു . കുടുംബക്കാർ , അയൽവാസികൾ , നാട്ടുകാർ ...... അമ്മ വാവിട്ടു നിലവിളിക്കുന്നു . ചിലർ അമ്മയെ ആശ്വസിപ്പിക്കുന്നുമുണ്ട് . മറ്റുള്ളവർ വിഷമത്തോടെ മാറിനിൽക്കുന്നു . അനുവിന് ഒന്നും മനസ്സിലായില്ല . അവൾ അമ്മയുടെ മടിയിൽ ചെന്നിരുന്നു . അമ്മ അവളെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു . അപ്പോൾ ആരോ വന്ന് ബോഡിയുടെ മുകളിലെ തുണി അൽപ്പമൊന്ന് നീക്കി . ഒരു നെട്ടലോടെ അനു അത് കണ്ടു . അച്ഛൻ എന്റെ പുന്നാര അച്ഛൻ ...... അവൾ വീണ്ടും വീണ്ടും നോക്കി . തന്നെ കണ്ടാൽ പുഞ്ചിരിയോടെ ഓടിവരുന്ന , വാതോരാതെ വിശേഷങ്ങൾ പങ്കുവെക്കുന്ന എന്റെ അച്ഛൻ ...... മിണ്ടാതെ , അനങ്ങാതെ , ചിരിക്കാതെ ....... അവളുടെ കുഞ്ഞു കണ്ണുകളിൽ കണ്ണുനീർ ചാലിട്ടൊഴുകി . അവൾക്ക് എല്ലാം മനസ്സിലായി . തന്റെ അച്ഛൻ തന്നെ വിട്ട് പോയിരിക്കുന്നു . മടക്കമില്ലാത്ത യാത്ര ...... പെട്ടന്നവൾ എഴുന്നേറ്റു . അല്ല ഇതെന്റെ അച്ഛനേയല്ല . എന്റെ അച്ഛൻ ഗൾഫിലാ.... കുറച്ച് ദിവസം കഴിഞ്ഞാൽ എന്റെ അച്ഛൻ മടങ്ങിവരും . അതും പറഞ്ഞ് അവൾ പഴയത് പോലെ ഉമ്മറത്തിണ്ണയിൽ അച്ഛനെയും കാത്തിരുന്നു .


അൻസിഫ്.എ.സി


സന അബൂബക്കർ
5ബി
Sana Aboobacker
V-B

# രോദനം




ജംഷിറ. 10 ബി

ജീവിതമെന്ന മൂന്നക്ഷരത്താൽ
കോർത്തിണക്കിയ സർവ്വതും
കാലത്തിന്റെ അഗാധമായ
കുത്തൊഴുക്കിൽ സഞ്ചരിക്കുമ്പോഴും
നഷ്ടപ്പെട്ട സ്നേഹത്തിൻ
നിലവിളിയായി നിലകൊള്ളും
വ്യക്തിത്വത്തിനുടമയാണിന്നു ഞാൻ
തള്ളിനീക്കുന്ന വണ്ടിപോൽ ജീവിതം
തപ്പുതാളങ്ങളില്ലാതെ കൊഴിയുന്നു
പൊടുന്നനെ മ്ലാനമാം എൻ-
മുഖം, മൂകയായിരിക്കവെ
ഓർത്തുപോകുന്നു ഞാൻ
കാലത്തിന്റെ അഗാധമായ
കുത്തൊഴുക്കിൽ
കാലിടറിവീണ മനുഷ്യത്വമെന്ന വാക്ക്

# വരകൾ വർണ്ണങ്ങൾ



പ്രാർത്ഥന രമേശ്




മിഥുൻ രാജ്.കെ



നിത്യ.പി.പി

# അമ്മ

അണയാത്ത ദീപമായി ഓടിചിരിച്ചെത്തും
അരുമയാം പാവമെന്നമ്മ.
പലവട്ടമെന്നോട് അമ്മ ചൊല്ലീടുന്ന
പാട്ടും കഥകളും പഴമൊഴികളും.
എന്നുമരികിലെൻ അമ്മയുണ്ടെന്നാൽ
മറന്നീടും ഞാനെൻ വേദനകൾ.
എന്നുമെൻ മനസ്സിൽ ഒരു ആരാധനാ
ദൈവമായി എന്നമ്മ കുടികൊള്ളുന്നു
എന്നുമെൻ അമ്മ ഓതുന്ന വാക്കിതാ
മാതാ പിതാ ഗുരു ദൈവം.

## യാത്ര വിവരണം


ശ്രദ്ധ.കെ

# കൂട്ടുകാരോടൊപ്പം

എന്റെ സ്കൂളിൽ നിന്ന് ടൂർ പോകാൻ തീരുമാനിച്ചു . ഞങ്ങൾ 48 കുട്ടികളാണ് ഉണ്ടായിരുന്നത് നവംബർ 2ാം തിയ്യതി രാത്രി 8 മണിയോടു കൂടി ഞങ്ങളെല്ലാവരും സ്കൂളിൽ എത്തി എല്ലാ കുട്ടികളുടെയും രക്ഷിതാക്കളുടെ പങ്കാളിത്തം കണ്ടു . രാത്രി 8.30 ന് ഞങ്ങൾ യാത്ര പുറപ്പെട്ടു രാവിലെ 5 മണിയോടു കൂടി ഞങ്ങൾ മൈസൂരിലെ ത്തി . അവിടെ നിന്ന് കുളിച്ച് വസ്ത്രങ്ങളൊക്കെ മാറ്റിയതിനു ശേഷം ഞങ്ങളെല്ലാവരെയും അശോകൻ മാഷ് ക്യൂ ആയി നടത്തിച്ചു അങ്ങനെ നടക്കുന്ന സമയത്ത് പലതരത്തിലുള്ള ആളുകളെ ഞാൻ കണ്ടു . ഇടത്തോട്ട് നോക്കിയ സമയത്ത് പാറകൾ വച്ചതു പോലെയുള്ള ഒരു വലിയ അമ്പലം ! എനിക്ക് ആ കാഴ്ച്ച വളരെ ഇഷ്ടപ്പെട്ടു . കുറച്ചു ദൂരം നടന്നതിനു ശേഷം ശ്രാവണ ബലഗോള എന്ന സ്ഥലത്തു നിന്ന് കുറച്ച് പടി കയറി ആദ്യം കയറുമ്പോൾ ഞങ്ങൾക്കെല്ലാവർക്കും ആവേശമായിരുന്നു പിന്നെ അത് കുറഞ്ഞ് വന്നു . ആയിരത്തോളം വരുന്ന പടികൾ ചവിട്ടി മുകളിലെത്തി 150 അടി വരുന്ന ബാഹുബലി എന്ന പ്രതിമ കണ്ടു . അങ്ങനെ അവിടെ നിന്ന് പ്രാർത്ഥിച്ചതിനു ശേഷം അത്രയും പടികൾ താഴോട്ട് ഇറങ്ങി താഴോട്ട് നോക്കുന്ന സമയം മുഴുവൻ വീഴുമോ എന്ന പേടിയായിരുന്നു ഉണ്ടായിരുന്നത് അങ്ങനെ ഞങ്ങൾ നേരെ ഭക്ഷണം കഴിക്കാൻ ഹോട്ടലിലേക്ക് പോയി എനിക്ക് അവിടെത്തെ ഭക്ഷണരീതികൾ ഞങ്ങളുടെ നാട്ടിലുള്ളതിനേക്കാൾ വളരെ വ്യത്യസ്തമായാണ് എനിക്ക് തോന്നിയത്. ഭക്ഷണശേഷം മൃഗശാലയിലേക്കാണ് പോയത്.വ്യത്യസ്തങ്ങളായ മൃഗങ്ങളേയും പക്ഷികളേയും കാണാൻ കഴിഞ്ഞു. മനുഷ്യപരിണാമത്തിലെ ചിമ്പാൻസി,ഗോറില്ല എന്നിവയെ ആദ്യമായി കണ്ടു. രണ്ട് മണിക്കൂറോളം ഞങ്ങൾ അവിടെ ചെലവഴിച്ചു ഉച്ചഭക്ഷണം കഴിച്ചതിന് ശേഷം പുരാതന കാലത്തെരാജാക്കന്മാരുടെ പെയിന്റിംഗുകളും അടക്കംചെയ്ത സ്ഥലങ്ങളുമൊക്കെ കാണാൻ പോയി.അവിടെവെച്ച് എല്ലാവരും കൂടിഫോട്ടോ എടുത്തു.വൈകീട്ട് എല്ലാവരും റൂമിലേക്ക്പോയി.എല്ലാവരും വീട്ടിലേക്ക് വിളിച്ചു . എന്നിട്ട് കുളിച്ചിട്ട് കിടക്കാനൊരുങ്ങി . ആരും ഉറങ്ങിയിരുന്നില്ല . അങ്ങനെ ഓരോ

കാര്യങ്ങൾ പറഞ്ഞു .രാവിലെയായി . ഭക്ഷണംകഴിച്ച് ശിവസമുദ്ര വെള്ളച്ചാട്ടം കാണാൻ പോയി . പിന്നെ ഞങ്ങൾ ടിപ്പുവിന്റെ അടക്കസ്ഥലം കാണാൻ പോയി . അവിടെ ടിപ്പുവിന്റെ അച്ഛനെയും അമ്മയെയും അടക്കം ചെയ്തിട്ടുണ്ടായിരുന്നു . അവിടെ നിന്ന് ഞങ്ങൾക്ക് ഒരു വ്യക്തി ആ സ്ഥലത്തെക്കുറിച്ചും ടിപ്പുവിനെക്കുറിച്ചുമുള്ള വിവരങ്ങൾ നൽകി . അതിന് ശേഷം ഞങ്ങൾ വൃന്ദാവനത്തിലേക്ക് പോയി . ഞങ്ങൾ പോയതിൽ വെച്ച് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലമായിരുന്നു അത് . പിന്നെ റൂമിലേക്ക് പോയി . നാളെ വണ്ടർലായിൽ കോകുന്ന സന്തോഷത്തിലായിരുന്നു എല്ലാവ രും . രാവിലെ ഞങ്ങൾ ബാഗ്ലൂരിൽ പോയി . അവിടെ നിന്ന് മെട്രോയിൽ കയറി . അങ്ങനെ ഞങ്ങൾ വണ്ടർലായിലെത്തി . ഉച്ച ഭക്ഷണത്തിന് ശേഷം ഞങ്ങൾ വെള്ള ത്തിലിറങ്ങി . യാത്ര അവസാനിച്ച് വരുമ്പോൾ ബസ്സിൽ നിന്ന് പാട്ടും ഡാൻസുമൊക്കെ കളിച്ചു . നല്ലൊരു മടക്കയാത്രയായിരുന്നു അത് . പിറ്റേ ദിവസം രാവിലെ ഞങ്ങൾ വീട്ടിലേക്ക് തിരിച്ചെത്തി . വളരെ മനോഹരമായ യാത്രയായിരുന്നു അത് .....

-

കവിത



അദ്വൈത് അശോക്.കെ
6 ബി

# ഭൂമി

അരുത്....അരുത്....അരുത്.
ഭൂമിയിൽ ഉദിച്ചുയരുന്ന
കോൺക്രീറ്റ് മാളുകൾ
താങ്ങുവാൻ ഈ അമ്മയ്ക്ക് കഴിയുന്നില്ല .
ആരോട് ചൊല്ലുവാൻ,ആരോട് പറയുവാൻ,
സ്വാർത്ഥതയിലേയ്ക്ക് പോയ
മനുഷ്യൻ എന്ന അന്ധൻമാരോട്....
ഇവർ കയ്യടക്കി വെട്ടി നശിപ്പിച്ച പലതും.
നശിപ്പിക്കുന്നതൊക്കെയും അമൂല്യമെന്നറിയാതെ
വനങ്ങളും,പക്ഷികളും,അരുവികളും
ഇന്നലെകളിലേക്ക് പോയിക്കൊണ്ടിരിക്കുന്നു.
നാളെയുടെ മക്കൾക്കായ് പടുത്തുയർത്തുന്നു.
മലിനമായ വായുവും,പച്ചപ്പില്ലാത്ത ഇരുണ്ട പ്രകൃതിയും.
ഇനിയും ഈ ഭാരം താങ്ങുവാൻ
ഈ അമ്മയ്ക്ക് കഴിയുന്നില്ല.
അരുത്....അരുത്....അരുത്.

# എന്റെ ഓർമ്മയിലേക്ക്

ഒരു ദിവസം രാവിലെ ഞാനും , എന്റെ അനിയത്തിയും , ഉപ്പയും , ഉമ്മയും , എളേമയും , എളേപ്പയും കൂടി തൃശ്ശൂരിലെ , ഉപ്പാന്റെ ചങ്ങാതിയുടെ വീട്ടിലേക്ക് പോകാൻ 5:00 മണിക്ക് റെയിൽവേ സ്റ്റേഷനിലെത്തി . അവിടെ നിന്ന് ട്രെയിനിൽ കയറി . കൂടെയുണ്ടായിരുന്നവർക്കെല്ലാം സീറ്റുണ്ടായിരുന്നു . പുറത്തേക്ക് നോക്കുമ്പോൾ കാണാത്ത പലതരം പൂക്കൾ, പുഴകൾ പച്ചപ്പ് നിറഞ്ഞ വയലുകൾ ,ഈ രസകരമായ കാഴ്ചൾ കാണുമ്പോൾ ഞാൻ ചിന്തിച്ചു . ഈ പച്ചപ്പ് കാണാൻ എന്തുഭംഗിയാണ് . പച്ചപ്പ് കാണുമ്പോൾ എന്റെ കണ്ണിന് കുളിർമ തോന്നി . ഞാൻ പച്ചപ്പിൽ മയങ്ങിപ്പോയി . കുറച്ച് കഴിഞ്ഞ് കാഴ്ച കാണുന്നതിനിടയിൻ ഉമ്മ എന്നോട് പറഞ്ഞു : കണ്ണ് കാണാത്ത ഈ പിഞ്ചുകുഞ്ഞിയെ നോക്കിയേ ... ഞാൻ അങ്ങോട്ട് നോക്കിയപ്പോൾ ആ പിഞ്ചു കുഞ്ഞിനെ കണ്ടു . എനിക്ക് സങ്കടം തോന്നിയ ആ നിമിഷം , കുറച്ച് മുമ്പ് ഞാൻ അനുഭവിച്ച എന്റെ കൺകുളിർമയിലേക്ക് തിരിച്ചു പോയി . ഞാൻ ഓർത്തു കണ്ണില്ലാത്ത പ്പോഴുള്ള എന്റെ അവസ്ഥ . ഈ ഭൂമിയുടെ സൗന്ദര്യം ആസ്വദിക്കാൻ കഴിയാത്ത എന്റെ ജീവിതം . ഈ ഭൂമിയുടെ സൗന്ദര്യം അനുഭവിച്ച എനിക്ക് കണ്ണില്ലാത്ത് ഒരു നിമിഷം പോലും ആലോചിക്കാൻ കഴിയുന്നില്ല . എനിക്ക് കണ്ണ് തന്ന ദൈവത്തെ ഞാൻ സ്തുദിച്ചു. അപ്പോഴേക്കും ട്രെയിൻ ലക്ഷ്യ സ്ഥാനത്ത് എത്തിയിരുന്നു . ട്രെയിൻ ഇറങ്ങുമ്പോഴേക്കും ഉപ്പയുടെ സുഹൃത്ത് ഢങ്ങളെ കൂട്ടാൻ വണ്ടിയുമായി വന്നിരുന്നു . ഞങ്ങൾ അവരോടൊ ഷം അവരുടെ വീട്ടിലേക്ക് പോയി . സ്റ്റേഷനിൽ നിന്നും കുറച്ച് ദൂരെയായിരുന്നു അവരു ടെ വീട് . ഏകദേശം ഉച്ചയ്ക്ക് 2:30 ആകുമ്പോഴാണ് ഞങ്ങൾ അവിടെ എത്തിയത് . വളരെയധികം സന്തോഷത്തോടു കൂടിയാണ് ആവീട്ടുകാർ ഞങ്ങളെ സ്വീകരിച്ചത് . നമുക്ക് വേണ്ടിയുള്ള ഉച്ച ഭക്ഷണവും തയ്യാറാക്കിയായിരുന്നു അവർ ഞങ്ങളെ കാത്തിരു ന്നത് . അത് കൊണ്ട് തന്നെ ഞങ്ങൾ ഫ്രഷായി ഭക്ഷണം കഴിച്ചു . യാത്രാ ക്ഷീണം കാരണം ഞാൻ കുറച്ച് സമയം കിടന്നുറങ്ങി . പടക്കം പൊട്ടുന്ന ശബ്ദം കേട്ടാണ് ഞാൻ ഞെട്ടി ഉണർന്നത് . പിറ്റേ ദിവസം വിഷു ആയതിനാൽ അവിടെയുള്ള കുട്ടികൾ പടക്കം പൊട്ടിക്കുന്ന ശബ്ദമാണ് ഞാൻ കേട്ടത് . ഞാൻ ഉറക്കത്തിൽ നിന്ന് എഴുന്നേറ്റ് ശബ്ദം കേട്ട ഭാഗത്തേക്ക് പോയി . നല്ല ഭംഗിയുണ്ടായിരുന്നു ആ കാഴ്ച കാണാൻ . ഞാനും അവരോടൊപ്പം കൂടി . പിന്നീട് ഞങ്ങളെല്ലാവരും കൂടി സ്നേഹതീരം എന്ന ബീച്ചിലേക്ക്

**പോയി . കുറേ നേരം അവിടെ ചെലവഴിച്ചു . ഒരു പാട് ആൾക്കാറുകൾ അവിടെയുണ്ടായിരുന്നു . അവിടെ നിന്ന് ഐസ്ക്രീം തിന്നു . ഉപ്പാന്റെ ചങ്ങാതിയുടെ വീട്ടിലേക്ക് പോയി. അവിടെ നിന്ന് ഭക്ഷണം കഴിച്ചു . അന്നവിടെ തന്നെ താമസിച്ചു . പിറ്റേ ദിവസം രാവി ലെ ഞാനും എന്റെ അനിയത്തിയും കൂടിച്ചേർന്ന് ഉമ്മയെ വിളിച്ചു . എല്ലാവരും എഴുന്നേ റ്റു . അതിരാവിലെ ഞങ്ങൾ ചായ കുടിച്ചു . ഞങ്ങളുടെ വീട്ടിലേക്ക് മടങ്ങി .**

ഫാത്തിമത്ത് സന . കെ . കെ

**എട്ടാം തരം**

# വിജയത്തിലേക്ക് പടികയറ്റിയ കൂട്ടുകാരി

അവളെ വീട്ടിലെ എല്ലാവർക്കും വലിയ ഇഷ്ടമാണ് .അവൾ ക്ലാസിൽ നല്ല മാർക്ക് നേടുന്നവളും മിടുക്കിയുമായിരുന്നു .അത് കൊണ്ട് തന്നെ ടീച്ചർമാർക്കും വലിയ ഇഷ്ടമായിരുന്നു .ഒരു വയസ്സിന് ചെറുതുള്ള ഒരു അനിയത്തിയും അവൾക്കുണ്ട് .അവളും ക്ലാസിൽ കൂടുതൽ പഠിച്ച് നല്ലമാർക്ക് എടുക്കുന്നവളാണ് .എല്ലാ പരീക്ഷകളിലും പങ്കെടുത്ത് വിജയിച്ചിരുന്നു ഇവർ രണ്ടുപേരും . ഇവർക്കൊരു അനുജനുമുണ്ടായിരുന്നു .അവനും ഇവരെപ്പോലെത്തന്നെ മിടുക്കനാണ് എപ്പോഴും ഇവർ വീട്ടിൽ അടിപിടി ഉണ്ടാകും ഉടനെ ഒരുമിക്കുകയും ചെയ്യും .

ആദ്യം ഇവർ വേറൊരു നാട്ടിലായിരുന്നു താമസിച്ചത് .അതാകട്ടെ പട്ടണം .ചെറിയപ്രായത്തിൽ തന്നെ അവർ വീടുമാറി ഗ്രാമത്തിലേക്ക് വന്നു .ചെറിയ പ്രായത്തിലായത് കൊണ്ട് അത് അത്ര വിഷമിപ്പിച്ചില്ല .കുറച്ചുനാൾ കഴിഞ്ഞപ്പോൾ അവർ ഗ്രാമത്തോട് പൊരുത്തപ്പെടാൻ തുടങ്ങി .

മൂത്ത പെൺകുട്ടിയെ ആദ്യത്തെ കുട്ടിയായതുകൊണ്ട് എല്ലാവരും വളരെ അധികം സ്നേഹിച്ചിരുന്നു .പ്രത്യേകിച്ച് അവളുടെ പിതാവ് .അവർ ആറാം ക്ലാസുവരെ പഠിത്തത്തിൽ ഒന്നാം സ്ഥാനം തുടർന്ന് കൊണ്ടേയിരുന്നു .ടീച്ചർമാർക്കൊക്കെ വലിയ കാര്യമായിരുന്നു അവളെ .

എല്ലാകാര്യങ്ങളിലും ആദ്യം അവളെ വിളിക്കും. അങ്ങനെയിരിക്കെ അവൾ ഏഴാം ക്ലാസിൽ എത്തിയപ്പോഴേക്കും അവളുടെ പഠിത്തത്തിലെ ശ്രദ്ധയൊക്കെ കുറഞ്ഞ് കുറഞ്ഞ് വരാൻ തുടങ്ങി .സ്വഭാവങ്ങളിലൊക്കെ മാറ്റം വന്നു .വീട്ടിലൊക്കെ വാശികാണിക്കാൻ തുടങ്ങി .വീട്ടിലാർക്കും ഇഷ്ടമല്ലാതായി .പക്ഷെ അവൾക്ക് ഏറെ ഇഷ്ടപ്പെട്ട കാര്യങ്ങളിലൊന്നും ഉപദേശിക്കാൻ വേണ്ടി തുടങ്ങി . നല്ല ഒരു കാര്യത്തിനാണ് ടീച്ചർ ഉപദേശിക്കുന്നതെന്ന് അവൾക്ക് മനസ്സിലായില്ല . എത്ര പഠിക്കാൻ ഇരുന്നിട്ടും ഇന്നും മനസ്സിലാകുന്നില്ല . പഠിപ്പിച്ചത് ഒന്നും ഓർമ്മയിൽ നിൽക്കുന്നില്ല . പിന്നെ പലകാര്യങ്ങൾ അവളെ വല്ലാതെ അലട്ടി .ഏഴാം ക്ലാസിൽനിന്ന് എന്തൊക്കെയോ മോശം സ്വഭാവങ്ങൾ പഠിച്ചു .

അപ്പോഴാണ് ഒരു കൂട്ടുകാരിയെ അവൾക്ക് കിട്ടിയത് . അവർ തമ്മിൽ ഒരുപാട് അടുത്ത് പോയി അവൾ നല്ല സ്വഭാവക്കരിയായിരുന്നു . എപ്പോഴും ഒരുമിച്ച് തന്നെ കൂട്ടുകാരി ആ പെൺകുട്ടിയെ എപ്പോഴും നല്ലതു മാത്രമേ ഉപദേശിക്കാറുള്ളൂ . എപ്പോഴും 'നീ പഠിക്കണം , കൂടുതൽ പഠിക്കണം , നിന്റെ മാതാ പിതാക്കളെപ്പോലെ എന്തെങ്കിലും നല്ല ജോലി എടുക്കണം' എന്നൊക്കെ കൂട്ടുകാരി പറഞ്ഞ് കൊണ്ടേയിരിക്കും .

അതൊന്നും അവൾ ചെവികൊണ്ടില്ല . വീട്ടിൽ നിന്നും എപ്പോഴും വഴക്ക് കേൾക്കും .

അങ്ങനെ എട്ടാം ക്ലാസിലേക്ക് അവൾ അന്നത്തെ പോലെ അല്ലാതെ വിജയിച്ചു . എട്ടാം ക്ലാസിൽ കയറിയത് മുതൽ വീട്ടുകാർ പറഞ്ഞ് കൊണ്ടേയിരിക്കും " ഒന്ന് പഠിക്ക് , പത്താം ക്ലാസ് ആകാൻ രണ്ട് കൊല്ലം മാത്രമേ ഉള്ളൂ എന്ന് " അവളുടെ അനുജത്തിയും അനുജനും പക്ഷെ ഇത് പോലെ ആയില്ല . അവർ പഠിത്തത്തിൽ കേമൻമാരായി തുടർന്ന് കൊണ്ടേയിരുന്നു . അനുജത്തിയുടെ മീറ്റിങ്ങിന് പോയാൽ ടീച്ചർ മാരൊക്കെ അമ്മയോട് പറയും " അവൾ ഏട്ടത്തിയെ പോലെ അല്ലന്ന് "

അത് കേൾക്കുമ്പോൾ ഏട്ടത്തിക്ക് സമാധാനമാകും .' എന്റെ ഗതി എന്റെ

സഹോദരങ്ങൾക്ക് വരുത്തല്ലേ .' എന്ന് അവൾ എപ്പോഴും പ്രാർത്ഥിക്കും എട്ടിൽ നിന്ന് വഴക്കും ഉപദേശങ്ങളും കൂടിക്കൊണ്ടേ ഇരുന്നു ഓരോ ദിവസവും വയറു നിറച്ച് വഴക്ക് ലഭിക്കും സ്കൂളിൽ പോയാലോ ടീച്ചർ മാരുടെ ഉപദേശം എന്നാലും എന്ത് കാര്യത്തിലും സമാധാനിപ്പിക്കാനായി അവളുടെ ആ കൂട്ടുകാരി മാത്രമായിരുന്നു ഉണ്ടായത് . എപ്പോഴും കൂട്ടായി തുണയായി . അതായിരുന്നു അവളുടെ ആകെ ഒരു സമാധാനം . എട്ടിൽ എത്തിപ്പോഴേക്കും പഠിത്തത്തിൽ കൂടുതൽ പിറകിലായി എത്ര പഠിക്കാൻ ശ്രമിച്ചിട്ടും ............

ഒന്നിനും അവളുടെ മനസ്സ് സമ്മധിപ്പിക്കുന്നില്ല . വീട്ടിൽ നിന്നും എല്ലാവരും അവളെ ഓർത്ത് വിഷമിക്കാൻ തുടങ്ങി . ഓരോ ദിവസവും കൂടി കൂടി വരുമ്പോൾ മാതാ പിതാക്കൾ കരയാനും തുടങ്ങി .

ഇങ്ങനെ ഓരോ കാര്യങ്ങൾ ഓരോ പ്രശ്നങ്ങൾ ഇതൊക്കെ പഠിത്തത്തിൽ നിന്ന് അവളെ അങ്ങ് ദൂരത്തേക്ക് ആട്ടിയോടിച്ചു . അവൾ വീണ്ടും വീണ്ടും ശ്രമിച്ചു . പക്ഷെ .................... ആകെ പരിഭ്രാന്തിയായ അവൾ ദിവസവും ഒറ്റയ്ക്ക് രാത്രിയിൽ പുറത്തും മുറയിലുമായിരുന്നു വിതുമ്പി അങ്ങനെ നാളുകൾ കഴിച്ചു . ഏകാന്തതയിൽ ആത്മഹത്യ അവളെ മാടി വിളിച്ചു കൊണ്ടിരുന്നു . കയറും കത്തിയും ബ്ലെയിടും കാണുമ്പോഴൊക്കെ അവർ അവളെ മാടിവിളിക്കുന്നത് പോലെ തോന്നി.

നോക്കുന്ന സ്ഥലങ്ങളിലെല്ലാം അവൾ തൂങ്ങി മരിക്കുന്ന സംഭവം കാണുന്നത് പോലെ ............ പക്ഷെ ഇതിനൊന്നും സമ്മതിക്കാതെ ആ കൂട്ടുകാരി ഇതിൽ നിന്നൊക്കെ അവളെ അകറ്റി . അങ്ങ് ദൂരേക്ക് ! അത്രക്കടുപ്പമായിരുന്നു അവർ രണ്ട് പേരും . ആ പെൺകുട്ടിയെ എല്ലാ കാര്യങ്ങളും കൂട്ടുകാരിക്ക് അറിയാമായിരുന്നു . അവൾ എല്ലാവരോടും വെറുതെ ദേഷ്യപ്പെടാൻ തുടങ്ങി . പക്ഷെ ക്ലാസിലെ എല്ലാവർക്കും അവളെ നല്ല ഇഷ്ടമായിരുന്നു . അവൾക്ക് അവരോടും . അവൾ വീട് നഗരമായി തോന്നിയിരിക്കുന്നു . സ്കൂളിലേക്ക് വരാൻ അവൾക്ക് ഭയങ്കര ഇഷ്ടമാണ് . രാവിലെ പള്ളിക്കൂടത്തിലേക്ക് വരുമ്പോൾ സന്തോഷത്തോടെ വന്നിരുന്നു . പോകുമ്പോൾ ദുഃഖത്തോടെയും . കുറേ കാരണങ്ങളാൽ അവൾക്ക് ദേഷ്യം നിയന്ത്രിക്കാൻ വയ്യാതായി .യാന്ത്രികമായി എന്തൊക്കെയോ ചെയ്തുവച്ചു . എല്ലാവരും അവസാനം കൂട്ടുകാരിയെ കുറ്റം പറയാൻ തുടങ്ങി . അത് അവൾക്ക് തീരെ സഹച്ചില്ല .

ആകെ ഉള്ളൊരു സമാധാനം കൂട്ടുകാരിയായിരുന്നു . ആ പെൺകുട്ടി നന്നാകാൻ ശ്രമിച്ചുകൊണ്ടേയിരുന്നു . നിന്നെ ആരാണ് പഠിക്കാൻ വിടാത്തത് ? നീ എന്തുകൊണ്ടാണ് പഠിക്കാത്തത് ? തുടങ്ങിയ കുറേ ചോദ്യങ്ങൾ പലരും ഉന്നയിച്ചു കൊണ്ടിരുന്നു . അവൾക്ക് തന്നെ ഇതിന്റെ ഒന്നും ഉത്തരം അറിയില്ലായിരുന്നു .

നാളുകളേറേ അവൾ പരിശ്രമിച്ചു . ഒടുവിൽ അവൾ പഠിത്തത്തിലേക്ക് തിരിഞ്ഞു . എപ്പോഴും പഠിച്ചുകൊണ്ടേയിരുന്നു . പഠിത്തത്തിൽ വാശി വന്നു . മുന്നേറാൻ ശ്രമിച്ചു . ആത്മഹത്യ പ്രവണതയെ ആട്ടിയോടിച്ചു .മനസ്സ് ശാന്തമാക്കി മാറ്റി . പിന്നീട് എന്നും ഒന്നാം സ്ഥാനത്ത് തന്നെ തുടർന്നു . അവൾ ഇന്ന് ജില്ലാ കലക്ടർ എന്ന ഉന്നത പദവിയാണ് . പരിശ്രമിച്ചാൽ എന്തും നേടിയെടുക്കാമെന്ന് കൂട്ടുകാരിയിലൂടെ അവൾ തെളിയിച്ചു ..

*മുഹ്സീന.യു.എം 8 ബി*

**അനുഭവ കുറിപ്പ്**

കഥ



റിഷാന.ടി.കെ 8ബി

# ചെറുപ്പ കാലത്തേക്കൊരു യാത്ര

സ്കൂൾ വെക്കേഷൻ കഴിഞ്ഞു. ഞാൻ എൽ.പി ക്ലാസ് കഴിഞ്ഞു യു.പി ക്ലാസിലേക്ക് കാലെടുത്തുവെക്കുന്ന ദിവസം. അന്ന് ഞാൻ ആദ്യമായി കണ്ടത് പ്രീത ടീച്ചറെയായിരുന്നു. ഞാൻ ടീച്ചറുടെ അടുത്ത് പോയപ്പോൾ തന്നെ ടീച്ചറുടെ പെരുമാറ്റം എനിക്ക് വളരെ അധികം ഇഷ്ടപ്പെട്ടു. എനിക്ക് ആ ടീച്ചറെ ക്ലാസ് ടീച്ചറായികിട്ടിയിരുന്നെങ്കിൽ എന്ന് ഞാൻ ഒരുപാട് ആഗ്രഹിച്ചു. എല്ലാവരും നിങ്ങൾക്ക് ഇഷ്ടമുള്ള ക്ലാസിൽ കയറി യിരിക്കുകയെന്ന് പറഞ്ഞു. അപ്പോൾ എന്റെ തൊട്ട് അടുത്ത് ആറാം ക്ലാസിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയുണ്ടായിരുന്നു. അവളോട് ഞാൻ ചോദിച്ചു : ഈ പ്രീത ടീച്ചർ ഏത് ക്ലാസിലാ?. അഞ്ച് ബി യിലാ, അവൾ എന്നോട് മറുപടി പറഞ്ഞു. ഞാൻ ഉടനെ തന്നെ അഞ്ച് ബി ക്ലാസിൽ ചെന്നിരുന്നു. ടീച്ചർ ക്ലാസിലേക്ക് വന്നു. ടീച്ചർ ഇരിക്കുന്ന ബെഞ്ചിന്റെ നേരെ ഓപ്പോസിറ്റ് സീറ്റിൽ ഇരുന്നു. ടീച്ചർ പെട്ടെന്ന് എന്നെ കാണാൻ വേണ്ടിയായിരുന്നു ഞാൻ അങ്ങനെ ചെയ്തത്. ഒടുവിൽ അതു തന്നെ സംഭവിക്കുകയും ചെയ്തു. ടീച്ചർ എന്നോട് കുറേ കാര്യം സംസാരിച്ചു. ഞാൻ അതിന് ഉത്തരം നൽകുകയും ചെയ്തു. കുറച്ചുകഴിഞ്ഞ് ക്ലാസിൽ പച്ചൺ മധുരം കൊണ്ടുവന്നു. ടീച്ചർ അത് ഞങ്ങൾക്കെല്ലാവർക്കും തന്നു. ഞങ്ങൾ അത് കഴിച്ചതിനു ശേഷം ടീച്ചറോട് നന്ദി പറഞ്ഞു. ടീച്ചർക്ക് അത് കേൾക്കേണ്ട താമസം വളരെ സന്തോഷമായി. ഉച്ചയാകുമ്പോഴേക്കും സ്കൂൾ വിട്ടു.

പിറ്റേന്ന് രാവിലെ പുതിയ ബാഗും കുടയും പുതിയ കുപ്പായവും ഇട്ടുകൊണ്ട് സ്കൂളിലേക്ക് പോയി. കൂട്ടുകാരുമായി ഞങ്ങളുടെ വെക്കേഷൻ കാര്യങ്ങളൊക്കെ സംസാരിച്ചു. ബെല്ലടിച്ചു. പ്രാർത്ഥനയുടെ സമയമായി. ഞങ്ങളുടെ ക്ലാസിനരികിൽ നിന്നാണ് പ്രാർത്ഥന ചൊല്ലേണ്ടത്. പ്രാർത്ഥന ചൊല്ലുന്നവരിൽ മിക്കതും ഏഴാം ക്ലാസ് വിദ്യാർത്ഥിനികളായിരുന്നു. ഞാൻ ഇതുവരെ കേൾക്കാത്ത ഒരു

പ്രാർത്ഥനയായിരുന്ന അന്നവർ ചൊല്ലിയത്. എനിക്കത് വളരെയധികം ഇഷ്ടപ്പെട്ടു. പ്രാർത്ഥന കഴിഞ്ഞു. ടീച്ചർ ഹാജർ വിളിച്ചു. പിന്നീട് എല്ലാ പാഠപുസ്തകങ്ങൾ തന്നു. ടീച്ചർ എടുക്കുന്ന വിഷയം സാമൂഹ്യശാസ്ത്രം ആയിരുന്നു. ആ ദിവസവും സ്കൂൾ നേരത്തേവിട്ടിരുന്നു.

പിറ്റേദിവസവും പ്രാർത്ഥന കഴിഞ്ഞ് ടീച്ചർ ഹാജർ വിളിച്ചു
ആദ്യത്തെ പിരീഡ് തന്നെ സോഷ്യലായിരുന്നു. അതും പ്രീതടീച്ചറുടെ ക്ലാസ്. ഞാൻ അത് വളരെയധികം ശ്രദ്ധിച്ചു. ഇടയ്ക്ക് കുറേ ചോദ്യങ്ങൾ വന്നു. എനിക്ക് പറയാൻ കുറച്ച് ബുദ്ധിമുട്ടുണ്ടായെങ്കിലും ടീച്ചർ എന്നെ ഒന്നും പറഞ്ഞില്ല. എനിക്ക് അറിയാത്തത് ടീച്ചർ പറഞ്ഞുതരികയും ചെയ്തു. പിന്നെ പിന്നെ എനിക്ക് ടീച്ചറോട് എന്തെന്നില്ലാത്ത സ്നേഹം കൂടി കൂടി വന്നു. ടീച്ചറോട് മാത്രമല്ല ടീച്ചർ എടുക്കുന്ന ആ വിഷയത്തോടും. അങ്ങനെ അഞ്ചാം ക്ലാസ് കഴിയാറായി അവസാന പരീക്ഷ നടക്കുന്ന സമയം ടീച്ചർ എന്റെ അടുത്തു വന്ന് ചോദിച്ചു എല്ലാ പാഠവും നന്നായി പഠിച്ചോ?. ഞാൻ ഒന്നും പഠിച്ചിട്ടില്ലെങ്കിലും ടീച്ചറോട് ഞാൻ എല്ലാം പഠിച്ചു എന്ന് പറഞ്ഞു. ടീച്ചർ ചിരിച്ചുകൊണ്ട് എന്റെ അടുത്തുനിന്നും പോയി. പരീക്ഷ കഴിഞ്ഞു സ്കൂൾ അടച്ചു രണ്ടു മാസമായിരുന്നു ആ അവധിക്കാലം. അങ്ങനെ ആ വെക്കേഷനും കഴിഞ്ഞു. ഞാൻ ആറാം ക്ലാസിലേക്ക് കാലെടുത്തു വയ്ക്കുന്ന സമയം എല്ലാവർക്കും സന്തോഷമുണ്ടായെങ്കിലും എനിക്ക് ദു:ഖമാണ് ഉണ്ടായത്. ടീച്ചറുടെ ക്ലാസ് ഇനി എപ്പോഴും കിട്ടില്ലായെന്ന് ഓർത്തായിരുന്നു. ഒരു ദിവസം ടീച്ചർ ക്ലാസിലേക്ക് പാഠമെടുക്കാൻ വന്ന സമയം ടീച്ചർ പാഠമെടുത്ത് കുറച്ച് എത്തിയപ്പോൾ തന്നെ ഞാൻ അറിയാതെ എന്റെ കണ്ണിൽ നിന്നും കണ്ണുനീർത്തുള്ളി പാഠപുസ്തകത്തിലേക്ക് വീണു. എന്റെ കൂട്ടുകാരി എന്നോട് ചോദിച്ചു: നീ എന്തിനാണ് കരയുന്നത് ?. ഞാൻ തലവേതനയാണെന്ന് അങ്ങ് പറഞ്ഞു. അവൾ അത് ടീച്ചറോട് പറഞ്ഞു. എന്നെ ടീച്ചറുടെ അടുത്ത് ചേർത്തു പിടിച്ചുകൊണ്ട് ടീച്ചർ പുറത്തേക്ക് പോയി. എന്നിട്ട് എന്നോട് ചോദിച്ചു എന്തിനാ മോളേ നീ കരയുന്നതെന്ന്. ആ മോളേ എന്നുള്ള വിളികേൾക്കുമ്പോൾ ഞാൻ കൂടുതൽ കരയുകയാണ് ഉണ്ടായത്. ടീച്ചർ വീണ്ടും എന്നോട് ചോദിച്ചു എന്തിനാ നീ കരയുന്നത് ?. ഞാൻ വിതുമ്പിക്കൊണ്ട് ഉത്തരം പറഞ്ഞു. ടീച്ചറെ എനിക്ക് ക്ലാസ് ടീച്ചറായി കിട്ടിയില്ലല്ലോ എന്നോർത്ത് കരഞ്ഞുപോയതാ. അതിനെന്തിനാ കരയുന്നത് ഞാൻ ക്ലാസിൽ പാഠമെടുക്കാൻ വരുന്നുണ്ടല്ലോ. അങ്ങനെ കുറേ കാര്യം പറഞ്ഞ് എന്നെ സമാതാനിപ്പിച്ചു. എനിക്ക് ഇപ്പോഴും ആ സങ്കടം മാറിയിട്ടില്ല.


മണികണ്ഠൻ.ടി.എ

ഓർമ്മക്കുറിപ്പ്

## എന്റെ വിദ്യാലയ ഓർമ്മ

ഞാൻ നാലാം ക്ലാസുവരെ പഠിച്ച എന്റെ വലിയപറമ്പ എ.എൽ.പി സ്കൂളിലേക്ക് ഇതിനിടെ പോയപ്പോൾ മനസ്സിന് സന്തോഷം തരുന്ന കാര്യങ്ങളാണ് കണ്ടത്. നാലു ക്ലാസും ഒരു ഓഫീസ് മുറിയും ഉണ്ടായ സ്കൂൾ ഇപ്പോൾ അനേകം ക്ലാസ് മുറികളും ഡിവിഷനുകളും വന്നു.നമ്മൾക്ക് കിട്ടാതെ പോയ സൗകര്യങ്ങൾ ഇപ്പോൾ അവിടെ കിട്ടുന്നുണ്ട് എന്ന് അറിഞ്ഞപ്പോൾ ആദ്യമായി സങ്കടമാണ് വന്നതെങ്കിലും പിന്നെ തോന്നി അവർ സുഖസൗകര്യങ്ങളോടെ പഠിച്ചോട്ടേ. നമ്മൾക്ക് ഇപ്പോൾ സ്മാർട്ട്ക്ലാസ് ആണല്ലോ.

നമ്മൾ അവിടെ ഉണ്ടായകാലത്ത് ഫുട് ബോൾ പോലും ഉണ്ടായില്ല. ഇപ്പോൾ അവിടെ ഫുട് ബോളും കളിക്കാനുള്ള ഒട്ടനവധി സാധനങ്ങളും ഉണ്ട്. ഒരുപക്ഷെ ഇപ്പോഴാണ് അവിടെ കൂടുതൽ മെച്ചപ്പെട്ടിട്ടുള്ളത്. പണ്ടൊക്കെ ഞങ്ങൾ ഓടിക്കളിക്കുന്ന വരാന്തകൾ ഇന്നും നമ്മെ നോക്കിക്കൊണ്ടിരിക്കുന്നു. അനേകം തവണ വരാന്തയിൽ ഓടിവീണ നിമിഷങ്ങൾ ഇന്നും ഞാൻ ഓർക്കുന്നു.

മനസ്സിന് സന്തോഷം വാരിവിതറുന്ന മധുരമായ ഓർമ്മകൾ ഇനിയും എത്ര.. എത്ര.. എനിക്ക് ഒരു ആഗ്രഹം 'ആ പോയകാലം ഇനി തിരികെ വന്നിരുന്നെങ്കിൽ'...

മണികണ്ഠൻ.ടി എ 8 ബി

# വരകൾ






സൂര്യനാരായണൻ.കെ

6 ബി



# കാടിന്റെ വിളി

ഒരിക്കൽ ഒരു കാട്ടിൽ അമ്മു , അച്ചു എന്നി പേരുള്ള രണ്ട് വേഴാമ്പൽ ജീവിച്ചിരിപ്പുണ്ടായിരുന്നു . ഒരു ദിവസം അവർക്ക് മൂന്നു കുഞ്ഞുങ്ങൾ ജനിക്കുകയുണ്ടായി . അങ്ങനെ അവർ കൂടുതൽ സന്തോഷത്തോടെ കാടിന്റെ മക്കളായി ജീവിച്ചു . കൂടിനുള്ളിൽ കുഞ്ഞുങ്ങൾക്ക് സ്നേഹവും , ലാളിത്വവും കാവലുമായി അമ്മു ഒരു അമ്മത്തണലായി തൂവൽ പൊഴിച്ച് ഇരിക്കും . അച്ഛനായ അച്ചുവാണെങ്കിൽ എങ്ങനെ കഷ്ടപ്പെട്ടും അമ്മയ്ക്കും കുഞ്ഞുങ്ങൾക്കും ഭക്ഷണം എത്തിക്കും . അത് ഒരു അച്ഛന്റെ ഉത്തരവാദിത്വമാണ് , അതാ ഭംഗിയായി അവൻ നിറവേറ്റുംഅച്ഛൻ കൊണ്ടുവരുന്ന ഭക്ഷണം അമ്മയുടെ കൊക്കുകളിലേക്ക് ഇട്ടി കൊടുക്കും . ഭക്ഷണവുമായി എത്തുന്ന സമയത്ത് ആ അമ്മയും കുഞ്ഞുങ്ങളും വിശന്നിരിക്കുന്നുണ്ടാവും . എന്തിരുന്നാലും അമ്മ തന്റെ വിശപ്പകറ്റാതെ അത് തന്റെ കൊക്കിൽ നിന്ന് കുഞ്ഞുങ്ങൾക്ക് കൊടുക്കും . അവരുടെ വിശപ്പകന്നാൽ മാത്രം അവൾ കഴിക്കും . കുറേ ദിവസങ്ങളിൽ ആ അമ്മയുടെ വയറു കരഞ്ഞിറ്റുണ്ടാകാം . പക്ഷെ , അത് അവൾക്കൊരു വിഷയമേയല്ല . എങ്ങനെയാ യാലും ആ കൊച്ചു കുടുംബം സന്തോഷത്തിലാണ് .

അങ്ങനെയിരിക്കെ ഒരിക്കൽ അച്ചു ഭക്ഷണം തേടിപ്പോയ നേരം അവൻ സ്വാദിഷ്ഠമായ പഴുത്ത അത്തിപ്പഴങ്ങൾ കണ്ടു . തന്റെ കുഞ്ഞുങ്ങൾക്ക് ഇത് വളരെ ഇഷ്ടമാണ് എന്നത് കൊണ്ട് അവൻ കുറേ പഴങ്ങൾ കൊക്കിലിറുക്കി വീട്ടിലേക്ക് മടങ്ങി . വരുന്നതു വഴി ഒരു വേട്ടക്കാരൻ അവനെ കണ്ടു . അവർ അവനെ വെടിവെച്ചു . അവൻ അവിടെ പിടഞ്ഞുവീണു . ചോര വാർണിച്ചു . അങ്ങനെ അവൻ മരണപ്പെട്ടു . അവിടെ മരണപ്പെട്ടത് അച്ചുവല്ല . ഒരു അച്ഛന്റെ കടമകളാണ് അവിടെ ഇല്ലാതായത് . പക്ഷെ അവൻ ആ വേദനയോടെ മരിച്ചിട്ടും അവന്റെ കൊക്കിലുണ്ടായ ആ അത്തിപ്പഴങ്ങൾ അത് അവിടെ തന്നെയുണ്ട് . വേദനയുടെ ഇടയിൽ അവനത് തുപ്പുകയോ ചർദിക്കുകയോ ചെയ്തില്ല . മക്കളുടെയും അവരുടെ അമ്മയുടെയും അടുത്ത് എത്തിക്കണമെന്ന ആഗ്രഹവും ധൈര്യവുമായിരിക്കും . ഇതൊന്നും അറിയാത്ത മനുഷ്യൻ സ്വന്തം സുഖത്തിനും സൗകര്യത്തിനും വേണ്ടി എത്ര മൃഗങ്ങളെയും പക്ഷികളെയുമാണ് ഇല്ലാക്കുന്നത് . എല്ലാം അവന്റേതാണ് എന്ന് ചിന്തിച്ച് അവനിന്ന് വ്യാമോഹിക്കുകയാണ് . ഒന്നുമില്ലെങ്കിൽ അവനിന്ന് ജീവിച്ചിരിക്കാൻ കാരണമായ പ്രാണവായുപോലും അവന്റേതല്ല എന്നുമാത്രമെങ്കിലും ചിന്തിച്ചാൽ നന്ന് . അവൻ കാരണം ഇന്ന് നഷ്ടപ്പെട്ടത് അത് ഒരു പക്ഷിയായാലും , അതും ഒരു ജീവനാണ് എന്നോർത്താൽ നന്ന് .

കഥ



തീർത്ഥ രവി.വി.വി

# പാൽക്കാരിയുടെ സ്വപ്നം

ഒരു കൊച്ചു ഗ്രാമത്തിൽ അമ്മൂമ്മയും പേരക്കുട്ടിയും ഉണ്ടായിരുന്നു.അവർക്ക് കുറേ പശുക്കൾ ഉണ്ടായിരുന്നു.അവർ പശുക്കളുടെ പാൽ വിറ്റാണ് ജീവിക്കുക.അങ്ങനെ ഇരിക്കെ ഒരു ദിവസം രാജാവ് പാൽക്കാരിയുടെ വീട്ടിൽ പോയി.അടുത്ത ആഴ്ചത്തേക്ക് എനിക്ക് ധാരാളം പാൽ വേണം എന്നു പറഞ്ഞു.രാജാവ് പറഞ്ഞു ഞാൻ നിങ്ങൾക്ക് ഇതിന്റെ ഇരട്ടി പണം തരാം.ആ സമയം പേരക്കുട്ടി വീട്ടിലുണ്ടായിരുന്നില്ല .അവൾ വന്നപ്പോൾ മുത്തശ്ശി രാജാവ് വന്ന കാര്യങ്ങൾ പറഞ്ഞു.അവൾക്ക് സന്തോഷം തോന്നി.അവളും സമ്മതിച്ചു.അതിൽ പിന്നെ അവൾ ഒരേ ചിന്ത ആയിരുന്നു.അങ്ങനെ ഇരിക്കെ ആ ദിവസം എത്താനായി. തലേ ദിവസം പാലും കൊണ്ട് അവൾ ഇറങ്ങി .അവളെ മുത്തശ്ശി എപ്പോളും ഒരു കാര്യം ഓർമ്മപ്പെടുത്തുമായിരുന്നു.”നിന്റെ ഈ ചിന്ത വേണ്ട"എന്ന് അവൾ നടന്നുനടന്ന് അടുത്തെത്താനായി.അവൾ മുത്തശ്ശി പറഞ്ഞ കാര്യങ്ങൾ ഒക്കെ മറന്നു.അവൾ ഈ പണം കിട്ടിയാൽ ഞാൻ വലിയ രാജകുമാരിയാവും എന്നൊക്കെ ആലോചിച്ച് നടന്നു. പെട്ടെന്ന് എന്തോ താഴെ വീഴുന്ന ശബ്ദം കേട്ടു.നോക്കുമ്പോൾ അവളുടെ തലയിൽ ഉണ്ടായിരുന്ന പാൽകുടം താഴെ വീണു. അവൾ താഴേക്കു നോക്കുമ്പോൾ പാൽക്കുടം പൊട്ടി.പാലൊക്കെ താഴെ മറിഞ്ഞു.അവൾക്ക് സങ്കടം വന്നു.ഇനി ഞാൻ മുത്തശ്ശിയോട് എന്ത് പറയും. അവൾ വീട്ടിലേക്ക് തന്നെ തിരിഞ്ഞു നടന്നു.

# വരകൾ











ശിൽപ



സുഹൈല.കെ 3എ

## പുഞ്ചിരിക്കിളിയുടെ അഹങ്കാരം

പണ്ടു പണ്ട് ഒരു കാട്ടിൽ കുറെ കിളികൾ താമസിച്ചിരുന്നു. വേനൽക്കാലമായപ്പോൾ കുളങ്ങളും തോടുകളും വറ്റി. നമ്മുക്ക് എത്രയും വേഗം ഈ നാടുവിടണം... എടുത്തുചാട്ടക്കാരിയായ പുഞ്ചിരിക്കിളി പറഞ്ഞു. അതു ശരിയാ ഇനി ഇവിടെ നിന്നാൽനമ്മുക്ക് തീറ്റ മാത്രമല്ല വെള്ളവും കിട്ടാതാവും. അതിനാൽ പുഞ്ചിരിപറഞ്ഞതുപോലെ നമ്മുക്ക് എത്രയുംവേഗം ഇവിടെ നിന്നു രക്ഷപ്പെടണം.മറ്റുള്ളവരും സമ്മതിച്ചു.അങ്ങനെ അവർ പുഞ്ചിരിക്കിളിയുടെ നേതൃത്വത്തിൽ അവിടെ നിന്നും നാടുവിട്ടു. പല പല നാടുകൾ കറങ്ങി അവർ ഒരു മാന്തോപ്പിലെത്തി. ചങ്ങാതിമാരെ മാവിൽ നിറയെ ചെറിയ മാങ്ങകൾ ഉണ്ട്. അധികം വൈകാതെ ഇതിലെ മാങ്ങകൾ മൂത്തു പഴുക്കും. അതിനാൽ നമ്മുക്ക് ഇവിടെ വീട് വച്ച് താമസം തുടങ്ങാം...പുഞ്ചിരിപറഞ്ഞു. എന്നാൽ അവരുടെ കൂട്ടത്തിലെ അപ്പൂപ്പൻ കിളിക്ക് അത് താൽപര്യമായില്ല.പുഞ്ചിരി പറഞ്ഞതു ശരിതന്നെ എന്നാൽ മാങ്ങകൾ പഴുത്തു കഴിഞ്ഞാൽ നമ്മുടെ ശത്രുക്കളും ഇവിടെ കടന്നു വരാൻസാധ്യതയുണ്ട് അതിനാൽ നമ്മുക്ക് കുറച്ചുകൂടി സുരക്ഷിതമായ ഒരു സ്ഥലത്തു താമസിക്കാം.മറ്റുള്ളവർ അതു സമ്മതിച്ചുഎന്നാൽ പുഞ്ചിരിപറഞ്ഞു ,ആരൊക്കെ ഇവിടെ നിന്നു പോയാലും ഞാൽ ഇവിടെ തന്നെ താമസിക്കും.അങ്ങനെ പുഞ്ചിരിക്കിളി ഒഴികെ ബാക്കിയെല്ലാവരും വേറെ സ്ഥലത്തേക്ക് ചേക്കേറി.പുഞ്ചിരിക്കിളി ആ മാവിൽ കൂടുവെച്ചു കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ആ മാവിലെ മാങ്ങകൾ പഴുത്തു തുടങ്ങി അഹങ്കാരിയായ പുഞ്ചിരിക്ക് സന്തോഷമായി അധികം വൈകാതെ തന്നെ അപ്പൂപ്പൻ കിളി പറഞ്ഞതുപോലെ മാമ്പഴം തിന്നാൻ വലിയ വലിയ കിളികൾ വരാൻ തുടങ്ങി ആ കിളികൾ പുഞ്ചിരിക്കിളിയെ ഉപദ്രവിക്കാൻ തുടങ്ങി.ഉപദ്രവം സഹിക്കാൻ പറ്റാതെ പുഞ്ചിരി കൂടുവിട്ട് തന്റെ കൂടെയുണ്ടായിരുന്ന കിളികളെ അന്വേഷിച്ചിറങ്ങി.അങ്ങനെ അവരെ കണ്ടെത്തി അപ്പൂപ്പൻ കിളിയോട് മാപ്പു പറഞ്ഞ് അവരോടൊപ്പം താമസം തുടങ്ങി.



# പ്രഭാത ഗീതം

ഒരു ദിവസം പ്രഭാതത്തിൽ ഞാൻ അടുക്കളയിൽ ചെന്നു ജനാല തുറന്നു. തിളങ്ങുന്ന സൂര്യൻ എന്നെ നോക്കി ചിരിക്കുന്നതു പോലെ മിന്നാമിന്നി പോലെ മിന്നിക്കളിക്കുന്ന എന്റെ കണ്ണുകൾ കാരണം എനിക്ക് സൂര്യനോട് ചിരിക്കാൻ കഴിഞ്ഞില്ല. അടുക്കളയിലെ രണ്ട് ജനലും തുറന്നതിനുശേഷം ഞാൻ മുറ്റത്തേക്ക് നടന്നു. പെട്ടെന്നെവിടെന്നോ ഒരു ശബ്ദം. മുമ്പെങ്ങും പരിജയമില്ലാത്തതായിരുന്നു ആ സ്വരം. അത്യുഗ്ഗം മനോഹരമായ ശബ്ദം. ഇടത്തോട്ട് നോക്കി വലത്തോട്ടും നോക്കി. അവിടെയെങ്ങും ഒന്നുമില്ല.മുകളിലോട്ടു നോക്കി അപ്പോഴാണ് ആ അത്ഭുതകാഴ്ച ഞാൻ കണ്ടത്. അതി മനോഹരമായ രണ്ട് പച്ച തത്തകൾ തെങ്ങോലയിൽ നിന്ന് കൊഞ്ചിക്കളിക്കുന്നു. അന്ന് വരെ ഞാൻ പക്ഷിസങ്കേതത്തിലല്ലാതെ തത്തയെ കണ്ടിട്ടില്ല. ഇന്ന് ഇപ്പോൾ എന്റെ വീട്ടിലേക്കാണ് തത്ത വന്നത്. ആ സുന്ദരികളായ തത്തയെ എന്റെ കൊച്ചനുജത്തിക്ക് കാണിച്ചു കൊടുക്കാൻ ഞാൻ നിശ്ചയിച്ചു. വീട്ടിനകത്തേക്ക് പോയി ഞാൻ അവളെ വിളിച്ചു കൊണ്ടു വരുമ്പോഴേക്കും ആ സുന്ദരി തത്തകൾ അവിടെ നിന്നും പോയി. നിരാശയാലെ അവളും ഞാനും നിൽക്കുമ്പോൾ വീണ്ടും അതേ ശബ്ദം. ക്വീ .. ക്വീ .. ക്വീ... . എന്റെ മനസ്സിന്റെ പ്രതീക്ഷ ആ ശബ്ദത്തിലായിരുന്നു. ഞാൻ അവളെയും കൂട്ടി ശബ്ദം കേട്ട സ്ഥലത്തേക്ക് ഓടിപ്പോയി. ആ ശബ്ദം കേട്ടത് ജനാലയുടെ പിന്നിലുള്ള പേരമരത്തിൽ നിന്നായിരുന്നു. ഞാൻ അവൾക്ക് കൈ ചൂണ്ടിക്കാണിച്ചു കൊടുത്തു. അതാണ് സുന്ദരി തത്തകൾ. പക്ഷെ പേര മരത്തിന്റെ പച്ചിലകൾക്കൊപ്പം പച്ച തത്തയെ അവൾക്ക് വേർതിരിഞ്ഞ് കാണാൻ കഴിഞ്ഞില്ല. അവൾ എന്നോട് ചോദിച്ചു: സനാമ എവിടെയാണ് തത്തകൾ ഉള്ളതെന്ന് . ഞാൻ വീണ്ടും അവൾക്ക് കാണിച്ചുകൊടുത്തു. പക്ഷെ അവൾക്ക് ശബ്ദം കേട്ടതല്ലാതെ തത്തയെ കാണാൻ കഴിഞ്ഞില്ല. അവൾ എന്നോട് ഉച്ചത്തിൽ വീണ്ടും ചോദിച്ചു. സനാമ എവിടെയാണ് ഉള്ളത് ?. അവളുടെ ശബ്ദം കേട്ട് തത്തകൾ അവിടെ നിന്നും പറന്നു. അപ്പോൾ ഞാൻ ചൂണ്ടിക്കാണിച്ചു. അതാണ് ആ പറക്കുന്നതാണ് തത്തകൾ. അപ്പോൾ അവൾക്ക് കാണാൻ കഴിഞ്ഞത് നീലാകാശത്ത് പറക്കുന്ന പച്ച തത്തകളെ യാണ്. അവൾക്ക് സന്തോഷമായി. അവൾ എന്നോട് ചോദിച്ചു. തത്തകൾ എന്തിനാണ് ഇവിടെ വന്നത് ?. അവളുടെ ചോദ്യത്തിന് എനിക്ക് വേഗത്തിൽ ഉത്തരം പറയാൻ കഴിയില്ല. ആ ഉത്തരത്തിന് വേണ്ടി ഞാൻ പല തവണ ആലോചിച്ചു. എനിക്ക് ഒരു നിഗമനവും കിട്ടിയില്ല. അങ്ങനെ ചിന്തിച്ച് ചിന്തിച്ചിരിക്കുമ്പോഴേക്കും അന്നത്തെ സൂര്യൻ ബായ്... ബായ് ... സീയൂ... പറഞ്ഞ് മാഞ്ഞുപോയി. തേങ്ങാപൂൾപോലെയുള്ള ചന്ദ്രൻ എന്റെ കണ്ണിന് ഇരയായി . അന്നത്തെ ദിവസത്തിന്റെ അവസാന മണിക്കൂറിൽ ഞാനൊന്ന്

മയങ്ങിപ്പോയി. അന്നത്തെ സ്വപ്നം എന്നെ കരയിപ്പിച്ചു. എന്റെ സ്വപ്നക്കാഴ്ചകൾ ഇതായിരുന്നു. തത്തകൾ എന്റെ വീട്ടിൽ സ്ഥിരമായി വരുകയും പേരമരത്തിലെ പേരക്കകൾ തിന്നുകയും ചെയ്തു. അങ്ങനെയിരിക്കെ ഒരു ദിവസം എന്റെ ഉമ്മ ആ പേരമരം വെട്ടിക്കളയുകയുണ്ടായി. ഞാൻ കുറേ പ്രാവശ്യം തടഞ്ഞിട്ടും എന്റെ വാക്കുകൾ കേൾക്കാതെ ഉമ്മ ആ മരം വെട്ടിക്കളഞ്ഞു. പതിവുപോലെ തത്തകൾ അന്ന് അവരുടെ ഭക്ഷണമായ പേരയ്ക്ക കഴിക്കാൻ വന്നു. അപ്പോൾ അവർ കണ്ടത് ശൂന്യമായ രണ്ട് അടിക്കൊമ്പുകളാണ്. അതുകണ്ട് അവർ വല്ലാതെ ദുഃഖിച്ചു. അവരുടെ സ്വരത്തിൽ കണ്ണീർ തുള്ളി മുഴങ്ങിപ്പോയി. പെട്ടെന്ന് ഞാൻ ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നു. അപ്പോഴേക്കും സമയം എട്ട് മണി കഴിഞ്ഞിരുന്നു അന്ന് ഞാൻ കേട്ടത് തത്തകളുടെ കണ്ണീർതുള്ളി പോലെയുള്ള കരച്ചിലാണ് . മുറ്റത്തേക്കോടി വന്ന ഞാൻ കണ്ടതും ഒരു ദുഃഖകരമായ കാഴ്ച്ചയാണ്. എന്റെ ഉമ്മ ആ മരം വെട്ടിക്കളയുന്ന തിടുക്കത്തിലാണ് അപ്പോൾ ഉമ്മാനോട് ഞാൻ കരഞ്ഞു പറഞ്ഞു ഉമ്മാ എന്തിനാണ് ഈ മരം വെട്ടുന്നത് ?. ഉമ്മയുടെ ഉത്തരം ഇതായിരുന്നു" ഈ മരത്തിന്റെ ഇലകൾ കൊഴിഞ്ഞ് വീണ് ഇവിടെയൊക്കെ വൃത്തിയില്ലാതായിരിക്കുന്നു. ഈ മരം മുറിച്ചാൽ ഇനി മുതൽ അങ്ങനെയൊന്നും ഉണ്ടാകില്ലല്ലോ?. ഉമ്മാന്റെ മറുപടി കേട്ട ഞാൻ ഒരു നിമിഷം മൗനം ആചരിച്ചു. അടുക്കളയിലെ പുകക്കുഴലിൽ കരഞ്ഞുകൊണ്ടിരിക്കുന്ന പച്ച തത്തകളെ നോക്കിക്കൊണ്ട് നിന്നു. ആ കാഴ്ചകണ്ട എന്റെ കൊച്ചനുജത്തി എനിക്ക് ചൂണ്ടിക്കാണിച്ചുതന്നു പുകക്കുഴലിന് മുകളിൽ കരഞ്ഞുകൊണ്ടിരിക്കുന്ന തത്തകളെ. ഈ സംഭവത്തിനു ശേഷം ഞാൻ തത്തയുടെ ശബ്ദം കേട്ടതല്ലാതെ അവരെ നേരിൽ കണ്ടതേയില്ല. അപ്പോഴാണ് എനിക്ക് അവളുടെ ചോദ്യത്തിന് ഉത്തരം കണ്ടെത്തിയത് .തത്തകൾ വരുന്നത് പേരമരത്തിലെ പേരയ്ക്ക തിന്നാനാണെന്ന് ...

## തടിയൻ

തടിയാ .... തടിയാ ... തടിയാ
എങ്ങോട്ടാണ് പോകുന്നത്
ഞാനും വരുന്നു നിന്റെ കൂടെ
ഇല്ല ഇല്ല കൂട്ടുകയില്ല
നീയെന്റെ കൂടെ വരണ്ട
നിന്നെ ഞാൻ കൂട്ടുകയില്ല
നിയെന്നെ തടിയാ എന്നു വിളിക്കുമോ
ഇല്ല ഇല്ല വിളിക്കുകയില്ല
സത്യം സത്യം സത്യം
നീയെന്നെ കൂടെ കൂട്ടണം
ഞാൻ നിന്നെ കൂട്ടാം
അയ്യോ ഞാൻ എങ്ങോട്ടും പോകുന്നില്ല
ഞാൻ നിന്നെ പറ്റിച്ചു
**ഹ ..... ഹ ..... ഹ .....**

**അരുൺജിത്ത്.പി.വി. 7 എ**




ആദിത്യ.കെ 9

# കാടിന്റെ വിളി

ഒരിക്കൽ ഒരു കാട്ടിൽ അമ്മു , അച്ചു എന്നീ പേരുള്ള രണ്ട് വേഴാമ്പൽ ജീവിച്ചിരിപ്പുണ്ടായിരുന്നു . ഒരു ദിവസം അവർക്ക് മൂന്നു കുഞ്ഞുങ്ങൾ ജനിക്കുകയുണ്ടായി . അങ്ങനെ അവർ കൂടുതൽ സന്തോഷത്തോടെ കാടിന്റെ മക്കളായി ജീവിച്ചു . കൂടിനുള്ളിൽ കുഞ്ഞുങ്ങൾക്ക് സ്നേഹവും , ലാളിത്യവും കാവലുമായി അമ്മു ഒരു അമ്മത്തണലായി ചുവൽ വിരിച്ച് ഇരിക്കും . അച്ഛനായ അച്ചുവാണെങ്കിൽ എങ്ങനെ കഷ്ടപ്പെട്ടും അമ്മയ്ക്കും കുഞ്ഞുങ്ങൾക്കും ഭക്ഷണം എത്തിക്കും . അത് ഒരു അച്ഛന്റെ ഉത്തരവാദിത്വമാണ് , അതു ഭംഗിയായി അവൻ നിറവേറ്റും.അച്ഛൻ കൊണ്ടുവരുന്ന ഭക്ഷണം അമ്മയുടെ കൊക്കുകളിലേക്ക് ഇട്ടു കൊടുക്കും . ഭക്ഷണവുമായി എത്തുന്ന സമയത്ത് ആ അമ്മയും കുഞ്ഞുങ്ങളും വിശന്നിരിക്കുന്നുണ്ടാവും . എന്തിരുന്നാലും അമ്മ തന്റെ വിശപ്പകറ്റാതെ അത് തന്റെ കൊക്കിൽ നിന്ന് കുഞ്ഞുങ്ങൾക്ക് കൊടുക്കും . അവരുടെ വിശപ്പകന്നാൽ മാത്രം അവൾ കഴിക്കും . കുറേ ദിവസങ്ങളിൽ ആ അമ്മയുടെ വയറു കരഞ്ഞിറ്റുണ്ടാകാം . പക്ഷെ , അത് അവൾക്കൊരു വിഷയമേയല്ല . എങ്ങനെയായാലും ആ കൊച്ചു കുടുംബം സന്തോഷത്തിലാണ് .

അങ്ങനെയിരിക്കെ ഒരിക്കൽ അച്ചു ഭക്ഷണം തേടിപ്പോയ നേരം അവൻ സ്വാദിഷ്ടമായ പഴുത്ത അത്തിപ്പഴങ്ങൾ കണ്ടു . തന്റെ കുഞ്ഞുങ്ങൾക്ക് ഇത് വളരെ ഇഷ്ടമാണ് എന്നത് കൊണ്ട് അവൻ കുറേ പഴങ്ങൾ കൊക്കിലിറുക്കി വീട്ടിലേക്ക് മടങ്ങി . വരുന്നതു വഴി ഒരു വേട്ടക്കാരൻ അവനെ കണ്ടു . അവർ അവനെ വെടിവെച്ചു . അവൻ അവിടെ പിടഞ്ഞുവീണു ,ചോര വാർന്നു അങ്ങനെ അവൻ മരണപ്പെട്ടു . അവിടെ മരണപ്പെട്ടത് അച്ചുവല്ല . ഒരു അച്ഛന്റെ കടമകളാണ് അവിടെ ഇല്ലാതായത് . പക്ഷെ അവൻ ആ വേദനയോടെ മരിച്ചിട്ടും അവന്റെ കൊക്കിലുണ്ടായ ആ അത്തിപ്പഴങ്ങൾ അത് അവിടെ തന്നെയുണ്ട് . വേദനയുടെ ഇടയിൽ അവനത് തുപ്പുകയോ ചർദിക്കുകയോ ചെയ്തില്ല . മക്കളുടെയും അവരുടെ അമ്മയുടെയും അടുത്ത്

എത്തിക്കണമെന്ന ആഗ്രഹവും ധൈര്യവുമായിരിക്കും . ഇതൊന്നും അറിയാത്ത മനുഷ്യൻ സ്വന്തം സുഖത്തിനും സൗകര്യത്തിനും വേണ്ടി എത്ര മൃഗങ്ങളെയും പക്ഷികളെയുമാണ് ഇല്ലാക്കുന്നത് . എല്ലാം അവന്റേതാണ് എന്ന് ചിന്തിച്ച് അവനിന്ന് വ്യാമോഹിക്കുകയാണ് . ഒന്നുമില്ലെങ്കിൽ അവനിന്ന് ജീവിച്ചിരിക്കാൻ കാരണമായ പ്രാണവായുപോലും അവന്റേതല്ല എന്നമാത്രമെങ്കിലും ചിന്തിച്ചാൽ നന്ന് . അവൻ കാരണം ഇന്ന് നഷ്ടപ്പെട്ടത് അത് ഒരു പക്ഷിയായാലും , അതും ഒരു ജീവനാണ് എന്നോർത്താൽ നന്ന് .



അനാമിക ദിനേശ്

# അറിവിന്റെ വെളിച്ചം

അറിവിന്റെ നിറവത്തു നിന്നോർത്തു നമ്മൾ
അധിദൂരമധിവേഗം ഉയരുന്നവല്ലോ
അതിരറ്റ വിജ്ഞാനം വിരൽത്തുമ്പാൽ തേടി
അധിദൂരമധിവേഗമുയരുന്നവല്ലോ
ആകാശത്തിൽ ഗംഭീര മംഗളഗമനം
ഗ്രഹങ്ങളിലെന്നൊന്നായി തീരപ്രവേശം
ഗാന്ധിമഹാത്മാവിൻ മഹാസ്നേഹതത്ത്വം
ഘോഷചിട്ടീ നമ്മൾ വരുന്നീ നാളിൽ
കാന പ്രാന്തിലൊരു കുട്ടരിന്നും
കനിവിന്റെ കരളിനായി കേഴുന്ന കഷ്ടം
നെയ്യുവാനില്ല കിനാവുകളൊന്നും
പെയ്യുവാനില്ല മിഴിനീരുപോലും
ഉണ്ണാതെ ഉണ്ണികൾ വാടിക്കൊഴിഞ്ഞും
ഉരുകുന്ന ദീനത്താൽ ദീനരായെന്നും
ഇരുട്ടത്തു കാട്ടാന കൂട്ടങ്ങളെന്നും
ഒരു പോള പൂട്ടാതെ അമ്മാർ കാവൽ
അറിവിന്റെ നിറവത്ത് നിന്നോർത്ത് നമ്മൾ
അറിയാതേതോരരവരിന്നും പിന്നിലായി
വീര വികസന കൊടിയേന്തി നമ്മൾ
വിജയത്തിൻ കാഹളം മുഴക്കി വീണ്ടും..

കഥ

റിഷാന .ടി.കെ
എട്ടാം തരം

# മാതാപിതാക്കൾ എന്ന ദൈവം

ജന്മനാ കാഴ്ചയില്ലാത്ത എനിക്ക് എന്തിനെ ഏതിനും തുണയായി നിന്നത് എന്റെ അച്ഛനും അമ്മയുമായിരുന്നു . എനിക്ക് പുറംലോകം ഇരുട്ടാണെങ്കിലും അവിടെ വെളിച്ചം പരത്താൻ അവരുണ്ടാവും . എല്ലാവരും പറയും ദൈവത്തോട് എന്ത് ചോദിച്ചാലും ദൈവം നൽകുമെന്ന് . പക്ഷെ , ഞാൻ എല്ലാം ചോദിക്കുന്നത് എന്റെ അച്ഛനോടും അമ്മയോടുമാണ് . ഞാനിപ്പോൾ ഏഴാം ക്ലാസ് വിദ്യാർത്ഥിയാണ് . എല്ലാവരും എന്നോട് എപ്പോഴും ചോദിക്കും , കാഴ്ചയില്ലാത്ത നീ എങ്ങനെയാണ് ക്ലാസിൽ ഒന്നാമതാകുന്നതെന്ന് ? അപ്പോൾ ഞാൻ പറയും അതെന്റെ അച്ഛന്റെയും അമ്മയുടെയും കഠിന പരിശ്രമം കൊണ്ടാണ് . അവർ വീണ്ടും ചോദിക്കും പരീക്ഷ എഴുതുന്ന് നീയല്ലേ , അതിനെന്തിനാ നിന്റെ അച്ഛനും അമ്മയും പരിശ്രമിക്കുന്നത് ? അപ്പോൾ ഞാൻ വീണ്ടും പറയും ജന്മനാ കണ്ണില്ലാത്ത എനിക്ക് കണ്ണായി നിന്നത് എന്റെ അച്ഛനും അമ്മയുമാണ് ദൈവം എനിക്ക് തരേണ്ട കാഴ്ച മുഴുവനും എന്റെ അച്ഛനും അമ്മയുമാണ് കൊടുത്തത്. അതുകൊണ്ടാണ് ഇപ്പോഴും ഞാനിങ്ങനെ ജീവിച്ചിരിക്കുന്നത് . സ്കൂൾ വിടേണ്ട താമസം എന്റെ അച്ഛൻ എന്നെയും കാത്ത് ക്ലസ് റൂമിന് മുന്നിൽ നിൽപ്പുണ്ടാവും . വീട്ടിലെത്തുന്നതും കാത്ത് എന്റെ അമ്മ ഗെയിറ്റിന് മുന്നിൽ നിൽപ്പുണ്ടാവും . ഇതിനപ്പുറം എനിക്ക് സന്തോഷം വേറെ ഇല്ല .

രാത്രിയായി, അത്താഴം കഴിക്കാൻ അമ്മ എന്നെ മേശയ്ക്ക് മുന്നിൽ കൊണ്ടുപോയി എന്നെ ഇരുത്തി . എനിക്കെപ്പോഴും അമ്മയാണ് ഭക്ഷണം വാരിത്തരാ റ്, ഇടയ്ക്ക്ന്ന് വെള്ളം തരാൻ അച്ഛനും . ഭക്ഷണത്തിന് ശേഷം ഉറങ്ങുന്നതിന് അര മണി ക്കൂർ മുമ്പ് സ്കൂളിലെ പാഠങ്ങളൊക്കെ അച്ഛൻ എനിക്ക് വായിച്ച് തരും . അമ്മയ്ക്ക് അടുക്കള ജോലി ഉണ്ടായത് കൊണ്ട് അമ്മ ഇടയ്ക്കൊക്കെ എനിക്ക് കുറച്ച് ഭാഗങ്ങൾ പറഞ്ഞ് തരും . ഉറങ്ങേണ്ട സമയമായി . അമ്മ അടുക്കള ജോലിയും കഴിഞ്ഞ് റൂമിലേക്ക് വന്നു . എന്നിട്ട് എന്നോട് പറഞ്ഞു : ഉറങ്ങേണ്ട സമയമായി മോളെ , ബാക്കി നമുക്ക്നാളെ പഠിക്കാം . ഇതാ വരുന്നു അമ്മേ , ഞാൻ അമ്മയ്ക്ക് മറുപടി കൊടുത്തു . ഇടക്കൊക്കെ എന്റെ അടുത്ത് അച്ഛനും ഉറങ്ങും . അവർക്ക് ഞാൻ ആകെ ഒരു മോളാ . ഞാൻ ഉറങ്ങാൻ കിടന്നു . അപ്പോൾ അച്ഛനും അമ്മയും പറയുന്നതായി ഞാൻ കേട്ടു . നമുക്ക് ദൈവം തന്ന ഏറ്റവും വലിയ നിധി എന്തെന്നറിയോ ? അത് ഞങ്ങളുടെ മോളാ അപ്പോൾ ഞാൻ മനസ്സിൽ സ്വയം പറഞ്ഞു ഇവർ എനിക്ക് തരുന്ന സ്നേഹത്തിന് ഞാനെന്താ ഇവർക്ക് പകരം കൊടുക്കുക . അങ്ങനെ പലതും ചിന്തിച്ച് കൊണ്ട് ഞാൻ ഉറക്കിലേക്ക് വഴുതി വീണു . എന്തെന്നില്ലാത്ത ഞാനിതുവരെ കാണാത്ത നല്ല നല്ല സ്വപ്നങ്ങൾ കണ്ട് കൊണ്ട് ആ രാത്രിയെ ഞാൻ തള്ളി നീക്കി . നേരം പുലർന്നു . അമ്മ എന്നെ വന്ന് വിളിച്ചു . ആദ്യം ചെറിയൊരു മടി കാണിച്ചുവെങ്കിലും പിന്നെ ഞാൻ സ്വയം എഴുന്നേറ്റു . കുളിയൊക്കെ കഴിഞ്ഞതിന് ശേഷം അമ്മ എന്നെ പ്രാതൽ കഴിക്കാൻ മേശയ്ക്കു മുന്നിൽ കൂട്ടിക്കൊണ്ട് പോയി . അപ്പോഴേക്കും

അച്ഛൻ എനിക്ക് സ്കൂളിലേക്ക് പോകേണ്ട എല്ലാ ഒരുക്കങ്ങളും ചെയ്തു കഴിഞ്ഞിരുന്നു . പ്രാതലിന് ശേഷം അമ്മയുടെ കവിളിൽ ഉമ്മ കൊടുത്ത് കൊണ്ട് ഞാൻ അച്ഛന്റെ കൂടെ സ്കൂളിലേക്ക് പോയി . അവിടെ എത്തിയപ്പോഴേക്കും കൂട്ടുകാർ എല്ലാവരും ഓടി വന്നു . അപ്പോൾ അച്ഛൻ എന്റെ കവിളിൽ ഉമ്മ വെച്ചതിന് ശേഷം എന്നെ അവരോടൊപ്പം ക്ലാസിലേക്ക് അയച്ചു .

ക്ലാസ് കഴിഞ്ഞു . അച്ഛൻ ക്ലാസ് റൂമിന് മുന്നിൽ എന്നെ കാത്ത് നിൽപ്പുണ്ടായിരുന്നു . ഞാൻ കൂട്ടുകാരോടൊക്കെ ബൈ പറഞ്ഞതിന് ശേഷം അച്ഛനോടൊപ്പം വീട്ടിലേക്ക് പോയി . വീട്ടിലെത്തി . അമ്മ അച്ഛന്റെ കയ്യിൽ നിന്നും എന്റെ ബാഗ് വാങ്ങി ഉള്ളിൽ കൊണ്ട് വെച്ചു . ഞാൻ ചായ കുടിക്കാൻ ഇരുന്നു . ചായ കുടിക്കുന്നതിനിടയ്ക്ക് ഞാൻ അച്ഛനോടും അമ്മയോടും ചോദിച്ചു : ഈ നിധിയെന്ന് പറഞ്ഞാൽ കടലിന്റെ അടിയിൽ ഉണ്ടാവുന്നതല്ലേ . അപ്പോൾ അച്ഛൻ പറഞ്ഞു : പക്ഷെ, ഞങ്ങൾക്കും ഒരു നിധി കിട്ടി . അപ്പോൾ ഞാൻ ചോദിച്ചു : എന്നിട്ടാ നിധി എവിടെ ? അപ്പോൾ അമ്മയാണ് മറുപടി തന്നത് : ആ നിധി നീയാ മോളേ , പക്ഷെ കടലിൽ നിന്നല്ല ദൈവത്തിൽ നിന്നാ . ആതു കേട്ടപ്പോൾ അറിയാതെ എന്റെ കണ്ണ് നിറഞ്ഞ് പോയി . ആ കണ്ണനീർ തുള്ളി ഉറ്റി വീണത് അമ്മയുടെ കരങ്ങളിലായിരുന്നു . അമ്മ എന്നോട് ചോദിച്ചു : എന്തിനാ മോളേ നീ കരയുന്നത് ? അപ്പോൾ ഞാൻ പറഞ്ഞു : നിങ്ങൾ എനിക്ക് തരുന്ന സ്നേഹത്തിന് പകരം തരാൻ എന്റെ കയ്യിൽ ഒന്നുമില്ലല്ലോ എന്നോർത്ത് കരഞ്ഞതാ . അപ്പോൾ അച്ഛൻ പറഞ്ഞു : ഞങ്ങൾ നിന്നെ സ്നേഹിക്കുന്ന തിന്റെ ഇരട്ടി സ്നേഹം നീ ഞങ്ങൾക്ക് തരുന്നുണ്ട് എന്ന് ഞങ്ങൾക്ക് നന്നായിട്ടറിയാം . ഞാൻ വീണ്ടും ചോദിച്ചു : അതെങ്ങനെയാ ? അതങ്ങനെയാ മോളേ , അതെല്ലാവരിലും ഉണ്ടാവണമെന്നില്ല , ചിലരിൽ മാത്രമേ അതുണ്ടാവൂ . അച്ഛൻ എനിക്ക് മറുപടി തന്നു .

രാത്രി ഉറങ്ങാൻ കിടന്നപ്പോൾ ഞാൻ സ്വയം ചിന്തിച്ചു , എനിക്ക് കാഴ്ചയി ല്ലാതായിട്ടും എന്ക്ക് തരുന്ന ആ സ്നേഹം എനിക്ക് കിട്ടിയതിൽ വെച്ച് ഏറ്റവും വിലപ്പെ ട്ടതാണ് . ഞാൻ കേട്ടിട്ടുണ്ട് ആരൊക്കെയോ പറയുന്നതായി , ജനിക്കുമ്പോൾ തന്നെ അംഗ വൈകല്യമുള്ള കുട്ടികളെ അച്ഛനമ്മമാർ ഉപേക്ഷിച്ച് പോകുന്നതൊക്കെ . എന്നാൽ ഇന്നതി യാദാർത്ഥ്യമാണ് . അതുമാത്രമല്ല , മാതാപിതാക്കളെ വൃദ്ധസദനത്തിൽ കൊണ്ട് പോകുന്നതും ഇപ്പോൾ പനി പോലെ പടർന്നിരിക്കുന്നു . ഇതൊക്കെ കേ ൾക്കുമ്പോൾ ഞാൻ ചിന്തിക്കുന്നത് എനിക്ക് ദൈവം കണ്ണ് തരാഞ്ഞത് നന്നായി എന്നാണ് . എന്നാൽ എനിക്കിത് കാണേണ്ട അവസ്ഥ വരില്ലല്ലോ . എനിക്ക് ഇങ്ങനൊരു അച്ഛനെയും അമ്മയേയും കിട്ടിയത് മഹാഭാഗ്യമാ , ഈ ലോകത്ത് എനിക്ക് കിട്ടിയതിലും കിട്ടാൻ പോവുന്നതിലും .